നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# ദാരിദ്ര്യത്തിന്റെ സന്തതി



വേട്ടയാടപ്പെടുന്ന ആദിവാസികളും നാട്ടിൽ കിടക്കപ്പൊറുതിമുട്ടിയ ദളിതുകളും മറ്റുമാണ് അവസാനം നക്ഷൽ ആയി രൂപാന്തരപ്പെടുന്നത്. തോക്ക് അതിന്നു മറുമരുന്നല്ല.

151

നവംബർ 2009

# റഷ്യയിൽ ചൂതുകളി നിരോധനം

റഷ്യയിൽ കഴിഞ്ഞ ജൂലായിൽ ചൂതുകളി പാടെ നിരോധിച്ചു. രണ്ടു ദശകങ്ങൾക്കുമുമ്പ് സോവിയറ്റ് യൂണിയൻ തകർന്ന അവസരത്തിലാണ് ചൂതുകളിക്കനുമതി നൽകിയത്. അമ്പതു ഡോളർ പോക്കറ്റിലുള്ള ആർക്കും ചൂതാട്ടമട ആരംഭിക്കാൻ ലൈസൻസ് കിട്ടുമെന്നായിരുന്നു സ്ഥിതി. ഗവർമ്മേണ്ടിന്നാകട്ടെ കൊല്ലം തോറും 800 കോടി ഡോളർ വരുമാനവുമുണ്ടായിരുന്നു.

കഴിഞ്ഞ ജൂലായ് 1ന്ന് ചൂതാട്ടമടകൾ പൂട്ടുന്ന അവസരത്തിൽ റഷ്യയിൽ 3,60,000 ചൂതാട്ടമടകളുണ്ടായിരുന്നു. ഇതിലുമേറെ ചൂതാട്ടമടകളുണ്ടായിരുന്ന രണ്ടു രാജ്യങ്ങൾ ജപ്പാനും അമേരിക്കയും മാത്രമായിരുന്നു. റഷ്യയിൽ ഏതാണ്ട് 30 ലക്ഷത്തോളം ചൂതാട്ടക്കാരുണ്ടായിരുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്.

ചൂതാട്ടത്തിന്നു പണമുണ്ടാക്കാൻ കൊള്ള നടത്തുന്നതും കൊലപാതകം നടത്തുന്നതും റഷ്യയിൽ വ്യാപകമായിക്കഴിഞ്ഞിരുന്നു. ഈ കൊള്ളയും കൊലപാതകവും പെരുകിയതാണ് ഗവർമ്മേണ്ടിനെ ചൂതാട്ടവിരുദ്ധ നടപടികൾ സ്വീകരിക്കാൻ നിർബ്ബന്ധിച്ചത്. ജനങ്ങളിൽ 75 ശതമാനവും ഈ നിരോധനത്തെ പിന്താങ്ങിയിട്ടുണ്ട്.

ഒരു പ്രശ്നം പരിഹരിക്കുമ്പോൾ അത് മറ്റൊരു പ്രശ്നത്തിന്ന് കാരണമായിത്തീരുന്നു. പൊതുവെയുള്ള സാമ്പത്തിക മാന്ദ്യത്തിന്നിടയിൽ നാലു ലക്ഷം പേർ ചൂതാട്ടനിരോധനം മൂലം തൊഴിൽ രഹിതരായിരിക്കുകയാണ്.

ചൂതാട്ടം നിരോധിച്ചുവെങ്കിലും നഗരത്തിൽനിന്ന് ദൂരെ കിടക്കുന്ന നാലു മേഖലകളിൽ ചൂതാട്ടത്തിന്ന് ഗവർമ്മേണ്ട് അനുമതി നൽകും. പക്ഷെ അതിന്ന് 4000 കോടി ഡോളർ ഉണ്ടാക്കണം. ഈ മൂലധനം കണ്ടെത്താനാണ് വിഷമം. വൻകിട ചൂതാട്ടക്കാരെല്ലാം വിദേശങ്ങളിലേക്ക് താവളം മാറ്റിയിരിക്കുകയാണ്.

റഷ്യയിൽ ചൂതാട്ടം നിരോധിച്ച് രണ്ടാഴ്ച കഴിയുംമുമ്പ് അയൽരാജ്യമായ ബലാറസ് ഒരു വൻകിട ചൂതാട്ട കേന്ദ്രം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. റഷ്യക്കാരെ ആകർഷിക്കാനാണിത്.

റഷ്യയിൽതന്നെ പ്രശ്നങ്ങളുണ്ട്. ചൂതാട്ടം നിരോധിച്ചുവെങ്കിലും പലരും ഓൺലൈൻ ചൂതാട്ടത്തിലേക്ക് മാറിയിരിക്കുകയാണ്. മുമ്പത്തെ ചൂതാട്ടക്കാരിൽ 60 ശതമാനവും ഓൺലൈൻ ചൂതാട്ടത്തിലേക്ക് മാറിയതായി ഒരു സർവ്വേയിൽ കാണുന്നു.

പഴയ ചൂതാട്ടകേന്ദ്രങ്ങളിൽ പലതും ലോട്ടറി കേന്ദ്രങ്ങളോ ശീട്ടുകളി കേന്ദ്രങ്ങളോ ആയി മാറിയിട്ടുണ്ട്. ഇത് രണ്ടും നിരോധനത്തിന്റെ പരിധിയിൽ വരില്ല.

റഷ്യയിൽ ചൂതാട്ടം നിരോധിക്കുന്നതിന്ന് ഒരാഴ്ച മുമ്പുതന്നെ യുക്രേനിൽ ചൂതാട്ടം നിരോധിച്ചിരുന്നു. അവിടെ ഇപ്പോൾ ചൂതാട്ടമെല്ലാം അണ്ടർ ഗ്രൗണ്ടിലാണ്.

റഷ്യൻ പ്രസിഡണ്ട് മെഡ് വേഡേവ് ചൂതാട്ടനിരോധനത്തിൽ ഉറച്ചുനിൽക്കുകയാണ്. ചൂതാട്ടം മയക്കുമരുന്നിന്ന് തുല്യമാണെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകുന്നു. ഗവർമ്മേണ്ടിന്റെ വേട്ടക്കിനി ഇരയാകുക മദ്യവും മയക്കുമരുന്നുമായിരിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. ❏

ജനനീതി

നവംബർ 2009

**151**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അയ്യയ്യോ സ്വദേശാഭിമാനിക്ക് ഇത്തരമൊരു ഗതി!

ഭരണാധികാരികളുടെ തോന്നിവാസങ്ങളെ വിമർശിച്ചതിന്ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ തിരുവിതാംകൂർ രാജാവ് മലബാറിലേക്ക് നാടുകടത്തിയതിന്റെ ശതാബ്ദി കഴിഞ്ഞ സെപ്തംബർ അവസാനവാരത്തിൽ ആചരിക്കുകയുണ്ടായി. അന്നത്തെ ചടങ്ങുകൾ ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദൻ ജനസേവനത്തിനായി മാർക്സ് പോലും കണ്ടെത്തിയത് പത്രപ്രവർത്തനമായിരുന്നുവെന്ന് പ്രകീർത്തിച്ചു. എന്നെന്നും സമരവീര്യം പ്രകടിപ്പിച്ചിട്ടുള്ള അച്ചുതാനന്ദനിൽനിന്ന് അത് പ്രതീക്ഷിക്കാമായിരുന്നു; അച്ചുതാനന്ദൻ അങ്ങനെ പറഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടേണ്ടിവരുമായിരുന്നുള്ളൂ.

അച്ചുതാനന്ദൻ തിരുവനന്തപുരത്ത് ഈ പ്രഖ്യാപനം നടത്തുന്ന സമയത്ത് ബംഗാളിലുള്ള അദ്ദേഹത്തിന്റെ അനുയായികൾ പത്രക്കാരെ അഞ്ചാംപത്തിപണി പഠിപ്പിക്കുകയായിരുന്നുവെന്നത് അല്പം നാണക്കേടുണ്ടാക്കുന്ന കാര്യമാണ്.

ബംഗാളിൽ ഏതോ ഒരു മുതലാളി 25000 കോടി രൂപ മുതൽമുടക്കി ഒരു ഫാക്ടറി നിർമ്മിക്കുന്നതിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത് അവിടത്തെ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാർജിയായിരുന്നു. ചടങ്ങു കഴിഞ്ഞ് കൽക്കത്തക്ക് മടങ്ങുന്ന മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിന്നുനേരെ ആരോ ബോംബെറിഞ്ഞു. ഒരക്രമം നടന്നാൽ എന്താണ് സംഭവിക്കുക? പോലീസ് ചാടിവീഴും. അക്രമികളെ പിടികൂടാൻ പോലീസിന്നു കഴിവില്ല. ബംഗാളിലെന്നല്ല, കാശ്മീർ മുതൽ കന്യാകുമാരിവരെ അതാണ് സ്ഥിതി. അവർക്ക് ചെയ്യാൻ കഴിവുള്ളത് ഒന്നേയുള്ളൂ.

കയ്യിൽ കിട്ടിയവരെയെല്ലാം ഇഞ്ച ചതക്കും പോലെ ചതക്കുക. ആണുങ്ങളെ അധികമൊന്നും കയ്യിൽകിട്ടാറില്ല. നാട്ടിലെ പെണ്ണുങ്ങളുടെ നേരെയാണ് അവർ അധികവും ചാടിവീഴുക. അമ്മ പെങ്ങന്മാരില്ലാത്ത ഒരു വർഗ്ഗത്തെപ്പോലെയാണവർ പെരുമാറുക. ബംഗാളിലും അതുതന്നെയാണ് സംഭവിച്ചത്. ലാൽഗഡ് പ്രദേശത്ത് പരക്കെ വേട്ടനടന്നു. സഹിക്കാനാകാത്ത സ്ഥിതി വന്നപ്പോൾ, പോലീസിന്റെ അതിക്രമങ്ങൾക്കെതിരായി അവർ ഒരു സംഘടനയുണ്ടാക്കി. ഛത്രധർ മഹതോ എന്നൊരു ആദിവാസിയാണ് ആ സംഘത്തിന്ന് നേതൃത്വം നൽകിയത്. ഈ സംഘം പ്രത്യേകിച്ചൊന്നും ചെയ്തില്ല. പോലീസ് നടത്തുന്ന അതിക്രമങ്ങൾ അവർ വിളിച്ചുപറഞ്ഞു. ഉറക്കെ ഉറക്കെ പറഞ്ഞു. തങ്ങൾ പറയുന്നത് അധികം പേരൊന്നും ശ്രദ്ധിക്കില്ലെന്ന് ആദിവാസികൾക്കറിയാം. എങ്കിലും കേൾക്കാൻ തയ്യാറാകുന്നവരോടെല്ലാം അവർ പോലീസിന്റെ അതിക്രമങ്ങളുടെ വിവരങ്ങൾ എണ്ണിയെണ്ണി പറഞ്ഞു.

തങ്ങളെ എതിർക്കുന്നവരെയെല്ലാം തീവ്രവാദിയെന്നോ നക്ഷലെന്നോ മാവോയിസ്റ്റെന്നോ മുദ്രകുത്തി ശല്യം ഒഴിവാക്കുന്നത് പോലീസിന്റെ സ്ഥിരം ഏർപ്പാടാണ്. പക്ഷെ ഛത്രധർ മഹതോവിനെ പിടികൂടാൻ പോലീസിന്നു കഴിഞ്ഞില്ല. കാരണം അദ്ദേഹം വലിയ പ്രമാണിയൊന്നുമല്ല; നേതാവുമല്ല. അനേകായിരം മഹതോകളിൽ ഒരാൾമാത്രമായിരുന്നു ഛത്രധർ. അതുകൊണ്ട് അദ്ദേഹത്തെ പിടികൂടുക എളുപ്പമായിരുന്നില്ല. ഏതു പത്രക്കാരന്നും ഏതു സമയത്തും ഛത്രധറിനെ കാണാം. സംസാരിക്കാം. കൽക്കത്തയിൽ നിന്നുള്ള സാമൂഹ്യപ്രവർത്തകർ നിരനിരയായിവന്ന് ഛത്രധറിനെകണ്ട് സംസാരിച്ചു പോകുന്നു. പക്ഷെ പോലീസിന്ന് പിടികിട്ടിയില്ല. ഗതികെട്ടപ്പോൾ പോലീസ് പത്രക്കാരെ അഞ്ചാംപത്തികളാക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് തങ്ങൾ സിങ്കപ്പൂരിൽനിന്നുള്ള പത്രക്കാരാണെന്നു പറഞ്ഞ് ലാൽഗഡിലെ പത്രക്കാരെ അഞ്ചാംപത്തികളാക്കി ഛത്രധറിനെ പിടികൂടിയത്.

വിഡ്ഢികൾ. ഇനിയുള്ള അവരുടെ വേഷമാണ് ചിരിക്കാൻ വകനൽകുന്നത്. അഭിമുഖസംഭാഷണം കഴിഞ്ഞപ്പോൾ ജർണലിസ്റ്റ് വേഷധാരികളിലൊരാൾ കൈത്തോക്കെടുത്ത് "നിൽക്കടാ അവിടെ" എന്നു കല്പിച്ചുവെന്നാണ് റിപ്പോർട്ട്. തോക്കുകണ്ടാൽ മൂത്രം വീഴ്ത്തുന്നവരല്ല ജനകീയ നേതാക്കന്മാരെന്ന പ്രാഥമിക പാഠം പോലും ഈ പോലീസുകാർ പഠിച്ചിട്ടില്ല. എത്രയെത്ര തോക്കുകൾക്കുമുമ്പിൽ വിരിമാറുകാണിച്ചിട്ടുള്ളവരാണ് ഇന്നാട്ടിലെ ജനങ്ങൾ. ഇന്നലെവരെ അയൽവാസികൾക്കുപോലും അജ്ഞാതനായിരുന്ന ഛത്രധറിനെ ലോകപ്രസിദ്ധ സമരനായകനാക്കാനേ ബംഗാൾ പോലീസിന്നു കഴിഞ്ഞിട്ടുള്ളൂ.

ശരിയാണ് തോക്കെന്നല്ല, ചൂരൽകണ്ടാൽപോലും ഓടിയൊളിക്കുന്നവരുടേതായ ഒരു തലമുറ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇവിടെ വളർന്നുവന്നിട്ടുണ്ട്. അഥവാ നാം വളർത്തിയെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യ സമരകാലത്തെ വീരഗാഥകളെയെല്ലാം നാം വടക്കൻ പാട്ടുകളുടേതായ നിലവാരത്തിലേക്ക് ഇറക്കികെട്ടിയിരിക്കുന്നു. രാവിലത്തെ പ്രാതലിന്നുശേഷം ഉച്ചവരെ ഉപവസിച്ച് നാരങ്ങനീരു കുടിക്കുന്നവരാണ് ഇന്നത്തെ സമരക്കാർ. ഇവർക്ക് അറസ്റ്റ് എന്നു കേൾക്കുമ്പോഴേക്കും പനിപിടിക്കും. ഇതിൽനിന്നും വ്യത്യസ്തരാണ് ആദിവാസികളും ദളിതുകളും. ചങ്ങലയല്ലാതൊന്നും നഷ്ടപ്പെടാനില്ലാത്തവരാണവർ.

എങ്കിലും വിപ്ലവകാരികളായ ബംഗാളിലെ ഭരണാധികാരികളോട് ചെറിയൊരു ചോദ്യം: എന്തൊരു മഹാപാതകമാണ് ഛത്രധർ മഹതോ ചെയ്തിട്ടുള്ളത്? നിങ്ങളുടെ കയ്യിൽ കൊട്ടക്കണക്കിന് നിയമങ്ങളുണ്ടെന്നത് ശരിയാണ്. അവയിലെ ഏതൊരു നിയമവും നിങ്ങൾക്കെതിരായും പ്രയോഗിക്കാവുന്നതേയുള്ളൂ എന്നു മറക്കരുത്. ജനങ്ങൾക്കുവേണ്ടി പോരാടുന്നവരെ പിടിച്ച് ജയിലിലിടാൻ നിങ്ങൾക്ക് കഴിയും. പക്ഷെ ജയിലിൽ കിടക്കുന്ന മഹതോ ജയിലിന്നു പുറത്തുള്ള മഹതോമാരേക്കാൾ ശക്തികൂടിയവനാണെന്ന വസ്തുത അധികൃതർ ഓർക്കുന്നത് നന്ന്. ❏

# ആരും അറിയാതെ പോകുന്ന കർഷക ആത്മഹത്യകൾ

**ഛ**ത്തിസ്ഗഡ് ദീർഘകാലമായി നക്ഷൽ ഭീഷണിക്ക് പ്രസിദ്ധമാണ്. എന്നാൽ അവിടെ ആരും അറിയാതെ രഹസ്യമാക്കി വയ്ക്കപ്പെട്ടിരിക്കുന്ന മറ്റൊരു പ്രതിസന്ധിയുണ്ട് - കർഷക ആത്മഹത്യകൾ.

മഹാരാഷ്ട്രം, കർണ്ണാടകം, ആന്ധ്ര, മധ്യപ്രദേശ്, ഛത്തിസ്ഗഡ് എന്നീ അഞ്ചു സംസ്ഥാനങ്ങളിലായി ഇന്ത്യയിലെ ജനങ്ങളിൽ മൂന്നിലൊന്നു ജീവിക്കുന്നു. എന്നാൽ ഇന്ത്യയിലെ കർഷക ആത്മഹത്യകളിൽ മൂന്നിൽ രണ്ടുഭാഗവും ഈ സംസ്ഥാനങ്ങളിലാണ് സംഭവിക്കുന്നത്. 1997 മുതൽ 2007 വരെയുള്ള പത്തു കൊല്ലക്കാലത്ത് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത് 1,82,936 കർഷകരാണെന്ന് ഇന്ത്യാ ഗവർമ്മേണ്ടിന്റെ ക്രൈം റെക്കോർഡ് ബ്യൂറോ പറയുന്നു. ഛത്തിസ്ഗഡ് ഒരു സ്വതന്ത്ര സംസ്ഥാനമായത് 2001-ലാണ്. അക്കൊല്ലം മുതൽക്കാണ് ഛത്തിസ്ഗഡിന്റെ കണക്കുള്ളത്. 2001ൽ ഛത്തീസ്ഗഡിൽ 452 കർഷക ആത്മഹത്യ നടന്നു. അതായത് ഓരോ ലക്ഷം ജനങ്ങൾക്കും ഏഴു കർഷക ആത്മഹത്യ. അതേസമയം മഹാരാഷ്ട്രത്തിൽ നാലു ആത്മഹത്യയേ നടന്നുള്ളൂ.

മഹാരാഷ്ട്രത്തിന്റെ കർഷക ആത്മഹത്യാ തലസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടാറുള്ളത് വിദർഭയാണ്. ഛത്തിസ്ഗഡിനേക്കാൾ ഒന്നര ലക്ഷം ജനസംഖ്യ കുറവായിരുന്നിട്ടും വിദർഭയിൽ 2006ൽ 1065 കർഷക ആത്മഹത്യകൾ നടന്നപ്പോൾ ഛത്തിസ് ഗഡിൽ 1483 കർഷക ആത്മഹത്യയുണ്ടായി. 2007-ലാകട്ടെ 1593 കർഷകരും ആത്മഹത്യ ചെയ്തു. ഇങ്ങനെയെല്ലാമാണെങ്കിലും വിദർഭയിലെ കർഷക ആത്മഹത്യകൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റുമ്പോൾ, ഛത്തിസ് ഗഡിലെ കാര്യം ആരും അറിയുന്നതേയില്ല.

സംസ്ഥാനത്തിലെ ആകെ ജനസംഖ്യയുടെ ശരാശരി നോക്കിയാൽ ഛത്തിസ് ഗഡിനാണ് ഒന്നാം സ്ഥാനം. അത് ഒരു കൊല്ലമല്ല, ഛത്തിസ്ഗഡ് രൂപംകൊണ്ടതിനുശേഷമുള്ള ആറു കൊല്ലത്തിലും ഇതാണ് സ്ഥിതി.

അതു പോകട്ടെ. നമുക്ക് ഇന്ത്യയുടെ ശരാശരിയെടുക്കാം. ഇന്ത്യയിൽ ഒരു ലക്ഷം പേർക്ക് 14 കർഷക ആത്മഹത്യകൾ നടക്കുമ്പോൾ ഛത്തിസ്ഗഡിലെ മഹാസമുന്ദ് ജില്ലയിൽമാത്രം 83 കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ട്. മഹാസമുന്ദ് ജില്ലയിൽചെന്ന് നേരിട്ടന്വേഷിച്ചപ്പോൾ എല്ലാവരും മൗനം പാലിച്ചുവെന്നതാണ് മറ്റൊരത്ഭുതം. ഘോഡാരി ഗ്രാമത്തിൽചെന്ന് സന്തോഷ് നിഷാദിന്റെ വീട് കണ്ടുപിടിച്ചു. അവിടെ ആരുമില്ല. അദ്ദേഹത്തിന്റെ അച്ഛൻ ബഹദൂർസിങ് മാത്രമുണ്ട്. നിഷാദിന്റെ ഭാര്യ കൂലിപ്പണിക്ക് പോയിരിക്കുന്നു. മൂന്നു കുട്ടികളും പഠിപ്പ്

നിർത്തി പണിക്ക് പോയിരിക്കുകയാണ്. നിഷാദ് ആത്മഹത്യചെയ്തിട്ട് കൊല്ലം ഒന്നാകാറായി.

ബഹദൂർ സിങ്ങിനോട് കാര്യങ്ങൾ ചോദിച്ചറിയാൻ ശ്രമിച്ചിട്ടു ഫലിച്ചില്ല. അദ്ദേഹത്തിന്റെ ദേഹത്തിന്റെ ഒരു ഭാഗം തളർന്നിരിക്കുന്നു. "ഞങ്ങളെ ശല്യപ്പെടുത്താതെ പോകൂ. മരിച്ച മകനെപ്പറ്റി ഒന്നും ചോദിക്കണ്ട. അവൻ എന്തിനാണ് മരിച്ചതെന്ന് ഞാനെങ്ങനെ പറയാനാണ്. അവന്റെ തലയിൽ എന്തായിരുന്നുവെന്ന് എനിക്കറിയില്ല" എന്നാണദ്ദേഹം പറഞ്ഞത്.

നിഷാദിന്റെ കുടുംബത്തിന്ന് സർക്കാരിൽനിന്ന് സഹായമൊന്നും ലഭിച്ചിട്ടില്ല; റേഷൻ കാർഡുമില്ല. ഭക്ഷ്യസാധനങ്ങൾ മാർക്കറ്റിൽനിന്നു വാങ്ങണം. നിഷാദിന് ഭൂമിയുണ്ടായിരുന്നു. അഞ്ചു കൊല്ലം മുമ്പ് ബഹദൂർസിങ്ങിന്റെ ചികിത്സക്കായി ഭൂമി തുണ്ടംതുണ്ടമായി വിറ്റു. ഇനി അര ഏക്കർ ഭൂമിയേ ബാക്കിയുള്ളൂ. നിഷാദിന്ന് കടമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ രണ്ടു കൊല്ലംമുമ്പ് കൃഷിയാകെ നശിച്ചിരുന്നു. സർക്കാർ കണക്കിൽ "സാമ്പത്തിക പ്രശ്നങ്ങൾ"മൂലം മരിച്ചു എന്നാണ് എഴുതിവച്ചിരിക്കുന്നത്.

പല കർഷക ആത്മഹത്യകളും വകമാറി എഴുതിവച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്തത് സ്ത്രീയാണെങ്കിൽ പേര് എഴുതി ചേർക്കില്ല. കർഷകന്റെ ഭാര്യ എന്നേ എഴുതൂ. ഈ പ്രദേശത്തെ ആചാരമനുസരിച്ച് ഭൂമികളെല്ലാം കർഷകരുടെ പേരിലായിരിക്കും. സ്ത്രീകളുടെ പേരിൽ ഭൂമിയുണ്ടാവില്ല. അതുകൊണ്ടുതന്നെ ആത്മഹത്യ ചെയ്ത കർഷകസ്ത്രീകളെ കണക്കിൽ നിന്നൊഴിവാക്കുന്നു. അതുപോലെത്തന്നെ പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷിചെയ്ത് ആത്മഹത്യ ചെയ്താലും കർഷക ആത്മഹത്യയിൽ പെടില്ല. ചിലപ്പോൾ ഭൂമി വാങ്ങുന്നത് കുടുംബത്തിലെ ഏതെങ്കിലുമൊരാളുടെ പേരിലാകും; കൃഷി നടത്തുന്നത് കുടുംബത്തിലെ ഏതെങ്കിലും അംഗമാകും. അങ്ങനെയുള്ളവരുടെ ആത്മഹത്യകളും "കർഷക ആത്മഹത്യ"യിൽ പെടുത്തുകയില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആത്മഹത്യ ചെയ്ത കർഷകരിൽ അല്പം ചിലരുടെ പേർ മാത്രമേ സർക്കാർ കണക്കിൽ കാണൂ.

ഛത്തിസ്ഗഡിലെ ഒരു കാർഷിക ശാസ്ത്രജ്ഞനായ സങ്കേത് ഠാക്കൂറിന്റെ അഭിപ്രായത്തിൽ ഛത്തിസ്ഗഡിലെ കാതലായ പ്രശ്നം ജലസേചനത്തിന്റേതാണ്. നെല്ലാണ് ഇവിടത്തെ പ്രധാന കൃഷി. അതിന്ന് ധാരാളം വെള്ളം വേണം. എന്നാൽ നെൽപാടങ്ങളിൽ നാലിലൊന്നിന്നേ ജലസേചന സൗകര്യമുള്ളൂ. ബാക്കിയുള്ള 75 ശതമാനവും അല്പഭൂമിക്കാരാണ്. അഞ്ചേക്കറിൽ താഴെയാണിവരുടെ കൃഷിഭൂമി. ഛത്തിസ്ഗഡിൽ മഴ കിട്ടിയാൽ കിട്ടി എന്നേയുള്ളൂ. ഈ കൊച്ചു കൃഷിക്കാർക്ക് ജലസേചന സൗകര്യമുണ്ടാക്കാനോ രാസവളവും കീടനാശിനിയും വാങ്ങാനോ ശേഷിയില്ല. വിളവുകുറഞ്ഞാൽ, തലേലെഴുത്ത് എന്നു കരുതുന്നവരാണധികവും. ഏക്കറിന്ന് ആറു ക്വിന്റൽ നെല്ലുകിട്ടിയാൽ ഭാഗ്യമായെന്നു കരുതുന്നവരാണ് ഛത്തിസ്ഗഡുകാർ. എന്നാൽ തൊട്ടപ്പുറത്ത് പഞ്ചാബിൽ ഇതിന്റെ നാലിരട്ടി വിളവുകിട്ടുന്നുണ്ട്.

മഹാസമുന്ദിലെ പോലീസ് സുപ്രണ്ടായ ആനന്ദ് ഛബ്രയോട് ചോദിച്ചപ്പോൾ ഇവിടെയൊന്നും കർഷക ആത്മഹത്യ നടന്നതായി കേട്ടിട്ടില്ലെന്നായിരുന്നു മറുപടി. ചിലർ ആത്മഹത്യ ചെയ്തിട്ടുണ്ട്. പക്ഷെ അത് കർഷകർ മാത്രമൊന്നുമല്ലെന്ന് അദ്ദേഹം പറഞ്ഞു. ഛത്തിസ്ഗഡ് പ്ലാനിങ് ബോർഡിന്റെ ചെയർമാനായ ഡി.എൻ. തിവാരിയോട് ചോദിച്ചപ്പോൾ അദ്ദേഹം ശുണ്ഠിയെടുത്തു. "എല്ലാ കാർഷികോല്പന്നങ്ങളും ആവശ്യത്തിലേറെ ഉല്പാദിപ്പിക്കുന്ന നാടാണിത്. ഒരൊറ്റ കൃഷിക്കാരനും കടക്കാരനായിട്ടില്ല"എന്ന് അദ്ദേഹം പറഞ്ഞു. ക്രൈം ബ്യൂറോവിന്റെ കണക്കുകൾ ചൂണ്ടിക്കാണിച്ചപ്പോൾ, അവിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്ന് കിട്ടിയ കണക്കാകണം അതെന്ന് അദ്ദേഹം പറയുന്നു. ലോകത്തിന്നുവേണ്ട അരിയും പയറും ഛത്തിസ്ഗഡിൽ നിന്നു നൽകുമ്പോൾ ഇവിടെ കർഷകർ എന്തിന്നാത്മഹത്യ ചെയ്യണമെന്ന് അദ്ദേഹം ചോദിക്കുന്നു.

അങ്ങനെയാണെങ്കിൽ ഭീകരമായ ഈ കണക്കുകൾക്ക് എന്താണർത്ഥം? കർഷക ആത്മഹത്യ നടന്ന പല വീടുകളിലും അന്വേഷിച്ചു. നിഷാദിന്റെ വീട്ടിൽനിന്നുകിട്ടിയ അതേ മറുപടിയാണ് എല്ലായിടത്തുനിന്നും ലഭിച്ചത്. അതുകൊണ്ട് മഹാസമുന്ദിലെ കർഷകജീവിതത്തെപ്പറ്റി ഒരു പഠനം നടത്തി.

ശത്രുഘ്നൻ എന്ന കർഷകന് വയസ് 40 ആയിട്ടുണ്ട്. ഭാര്യയും അഞ്ചു കുട്ടികളുമുണ്ട്. ആകെ ഏഴേക്കർ. കഴിഞ്ഞ കൊല്ലം ഒരു മകളെ വിവാഹം കഴിച്ചയക്കേണ്ടി വന്നപ്പോൾ പയർ കൃഷി നടത്തുന്ന മൂന്നേക്കർ ഭൂമി രണ്ടര ലക്ഷം രൂപക്ക് വിറ്റു. പയർ കൃഷി വീട്ടാവശ്യത്തിന്നുള്ളതായിരുന്നു. ഇപ്പോൾ പയർ ഉപയോഗിക്കാറില്ല. കാരണം, അങ്ങാടിയിൽനിന്നു വാങ്ങാനുള്ള ശേഷിയില്ല. ഇനി നാലു കുട്ടികളുടെ വിവാഹം നടത്തണം. ഭൂമി വിൽക്കുകയേ നിവൃത്തിയുള്ളൂ. പിന്നെ എങ്ങനെ ജീവിക്കും?

അയൽ വീട്ടുകാരൻ ഭഗീരഥൻ എന്നൊരാളാണ്. അയാൾ കൂലിപണിക്കാരനാണ്. അയാളുടെ മകളുടെ വിവാഹം നടത്താനായി വാങ്ങിയ 50,000 ക.യുടെ കടമുണ്ട്. കൂലിപ്പണിക്ക് കിട്ടുന്നത് 40 ക.യാണ്. പാട്ടത്തിനെടുത്ത രണ്ടേക്കറിൽ നെൽകൃഷിയുമുണ്ട്. പാട്ടമായി ഭൂവുടമക്ക് എട്ട് ക്വിന്റൽ നെല്ലു കൊടുക്കണം. പിന്നെ ബാക്കിയുണ്ടാവുക കഷ്ടിച്ച് നാല് ക്വിന്റൽ ആയിരിക്കും. ഭഗീരഥനും ആറംഗങ്ങളടങ്ങിയ കുടുംബത്തിന്നും രണ്ടോമൂന്നോ മാസത്തേക്കേ ഇത് മതിയാവൂ. മഴ ചതിച്ചാൽ കടം തലയിൽ കയറും. അയാൾ ഇതിന്നകംതന്നെ കടത്തിൽ മുങ്ങിക്കഴിഞ്ഞു. കുടുംബത്തിലെ എല്ലാവർക്കുംകൂടി ഒരു കൊല്ലത്തെ വരുമാനം കഷ്ടിച്ച് 30,000 ക.യായിരിക്കും. ജാമ്യം കൊടുക്കാൻ കയ്യിലൊന്നുമില്ലാത്തതിനാൽ ആരും 50,000 ക. തികച്ചുതരില്ല. അതുകൊണ്ട് പല ഹുണ്ടികക്കാരിൽനിന്ന് പണം വാങ്ങുന്നു. അതിന്ന് മാസത്തിൽ അഞ്ചു ശതമാനം പലിശ കൊടുക്കണം. കൊല്ലത്തിൽ 60 ശതമാനം പലിശ.

എല്ലാ കൊല്ലവും കടംതീർക്കാൻ കടം വാങ്ങുന്നു. പലിശ തീർക്കാൻ തന്നെ 30,000 ക. വേണം. അതായത് കടത്തിൽനിന്ന് കരകയറാൻ മാർഗ്ഗമൊന്നുമില്ല. ഇക്കൊല്ലത്തെ കടം വീട്ടാൻ അടുത്ത കൊല്ലം മറ്റു ചില ഹുണ്ടികക്കാരിൽനിന്ന് കടം വാങ്ങും. ഈ ഭഗീരഥനും ശത്രുഘ്നനും ഛത്തിസ്ഗഡിലെ കർഷകരുടെ ദയനീയാവസ്ഥ വ്യക്തമാക്കുന്നു.

ഛത്തിസ്ഗഡിൽ ആയിരക്കണക്കിന്ന് കർഷകർ ആത്മഹത്യ ചെയ്യുന്നുണ്ടെങ്കിൽ അതാരും അറിയാത്തതെന്തുകൊണ്ടാണ്? തൊട്ടടുത്തുകിടക്കുന്ന വിദർഭയിലെ കർഷക ആത്മഹത്യകളെപ്പറ്റി എന്തെല്ലാം കോലാഹലം നടക്കുന്നു. ഛത്തിസ്ഗഡിൽ കർഷകപ്രശ്നം ഏറ്റെടുക്കാൻ ആരുമില്ലെന്നതാണ് വാസ്തവം. വിദർഭയിലെ കർഷകപ്രശ്നം ഏറ്റെടുക്കാൻ ഹിന്ദുവിന്റെ ലേഖകനായ പി. സായിനാഥ് മുന്നോട്ടുവന്നു. അതിന്ന് അദ്ദേഹത്തിന്ന് അവാർഡും കിട്ടി. എന്നാൽ ഛത്തിസ്ഗഡിൽ ഒരു പത്രവും കർഷകപ്രശ്നവുമായി മുന്നോട്ടുവരുന്നില്ല. കാര്യം ലളിതമാണ്. ഛത്തിസ്ഗഡിൽ ഒരു "ഹിന്ദു" ഇല്ല. അവിടെയുള്ള ചെറിയ പത്രങ്ങൾക്ക് സർക്കാർ പരസ്യം കൂടാതെ നിലനിൽക്കാനാവില്ല. അതുകൊണ്ടുതന്നെ സർക്കാരിന്ന്

# ഇന്ത്യയുടെ അതിർത്തിയിലെല്ലാം ഭദ്രം; അതിർത്തിക്കകത്തും ഭദ്രം

ഇന്ത്യ-ചീന അതിർത്തിയിൽ രണ്ടു പട്ടാളക്കാർക്ക് ചൈനീസ് സൈന്യത്തിന്റെ വെടിവെപ്പിൽ പരിക്കേറ്റുവെന്ന് "ടൈംസ് ഓഫ് ഇന്ത്യ" സെപ്തംബർ 15 ന്ന് റിപ്പോർട്ട് ചെയ്തിരുന്നു. രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവരിൽനിന്ന് അറിയാൻ കഴിഞ്ഞ വിവരമായിട്ടാണ് പത്രം ഇക്കാര്യം റിപ്പോർട്ട് ചെയ്തിരുന്നത്.

ഗവർമ്മേണ്ട് ഈ വാർത്ത നിഷേധിച്ചുവെന്നു മാത്രമല്ല ഈ വാർത്ത നൽകിയ ലേഖകൻമാർക്കെതിരെ കേസെടുക്കാനും തീരുമാനിച്ചതായി റിപ്പോർട്ടുണ്ട്. പക്ഷെ പത്രക്കാർക്കെതിരെ എന്തു കുറ്റമാണ് ആരോപിക്കേണ്ടതെന്ന് ആഭ്യന്തര വകുപ്പിന്ന് ഇനിയും പിടികിട്ടിയിട്ടില്ല. മറ്റു രാജ്യങ്ങളുമായി ശത്രുത വളർത്തുന്ന വാർത്ത കൊടുക്കുന്നത് കുറ്റകരമാണ്. പക്ഷെ ഈ നിയമമനുസരിച്ച് കേസെടുത്താൽ ഇന്ത്യയിലെ മിക്ക പത്രക്കാർക്കെതിരെയും കേസെടുക്കേണ്ടിവരും. പാക്കിസ്ഥാനെതിരായ വാർത്ത കൊടുക്കുന്ന പത്രങ്ങൾ ധാരാളമാണ്; അമേരിക്കക്ക് എതിരായ വാർത്തകളും ധാരാളം പത്രങ്ങളിൽ വരുന്നുണ്ട്.

അതിനേക്കാൾ അമ്പരപ്പിക്കുന്ന കാര്യം മറ്റൊന്നാണ്. ചീനക്കെതിരായി ഏതെങ്കിലും പത്രത്തിൽ എന്തെങ്കിലും വാർത്ത വന്നാൽ ഇന്ത്യാ ഗവർമ്മേണ്ട് എന്തിനിത്ര പരിഭവിക്കണം. പഴയ തറവാടുകളിൽ അമ്മായിഅമ്മക്കെതിരെ എന്തെങ്കിലും പറയുന്നത് അപകടകരമായി കണക്കാക്കപ്പെട്ടിരുന്നു. ഇന്ത്യാ ഗവർമ്മേണ്ടിന്ന് ചീനയുമായി അങ്ങനെ വല്ല ബന്ധവുമുണ്ടോ?

അതേസമയം അതിർത്തിക്കകത്ത് തീവ്രവാദികൾ നടത്തുന്ന അക്രമങ്ങളെ കൊടും ക്രൂരകൃത്യങ്ങളായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ പത്രങ്ങളിൽ വന്നു തുടങ്ങിയിട്ടുണ്ട്. തീവ്രവാദികൾ ഇത്തരം ചവറു പരസ്യങ്ങളൊന്നും വായിക്കുന്നവരല്ലെന്നു മനസ്സിലാക്കാനുള്ള സാമാന്യ ബുദ്ധി പോലും ആഭ്യന്തരമന്ത്രിക്കില്ലാതെ പോയതു കഷ്ടമാണ്. തീവ്രവാദികളുടെ അതിക്രമങ്ങളെ പരസ്യം കൊണ്ടൊന്നും തടയാനാവില്ല. നാട്ടിലുടനീളം നടക്കുന്ന അനീതികൾക്ക് അറുതിവരുത്തലാണ് തീവ്രവാദ പ്രവർത്തനം തടയാനുള്ള എളുപ്പമാർഗ്ഗം. മന്ത്രിമാരും ജഡ്ജിമാരും ഉദ്യോഗസ്ഥന്മാരും പോലീസുകാരുമെല്ലാം അക്രമങ്ങളും അനീതികളും കാണിക്കുമ്പോൾ അവിടെയെല്ലാം തീവ്രവാദികൾ മുളച്ചുപൊങ്ങും. ❑

അഹിതകരമായ വാർത്തകൾ കൊടുക്കുന്നതിനെ അവർ നിരുത്സാഹപ്പെടുത്തുന്നു. പല വാർത്തകളും കണ്ടില്ലെന്നു നടിക്കാൻ പത്രക്കാർക്ക് പ്രതിഫലം നൽകുന്നതായി പോലും ആക്ഷേപമുണ്ട്. വിദർഭയിൽ നല്ലൊരു കർഷക പ്രസ്ഥാനമുണ്ട്. ഛത്തിസ്ഗഡിൽ അതുമില്ല.

ഛത്തിസ്ഗഡിലെ മുഖ്യമന്ത്രി ആരാണ്? ഗവർണർ ആരാണ്? അവിടത്തെ കൃഷികാര്യമന്ത്രി ആരാണ്? ആർക്കും അറിവില്ല; അറിയണമെന്ന താല്പര്യവുമില്ല. ❑





# ഇന്ത്യാ ഗവർമ്മേണ്ടിന്റെ നക്ഷൽ വിരുദ്ധ യുദ്ധപ്രഖ്യാപനം

- ഷോമ ചൗധരി -

നക്ഷലുകളുടെ പ്രമുഖ പ്രത്യയശാസ്ത്ര വാദിയായ കോബാഡ് ഘണ്ടിയെ ദൽഹി പോലീസ് അറസ്റ്റ് ചെയ്തതായ വാർത്തയുമായാണ് കഴിഞ്ഞ സെപ്തമ്പർ 22ന്നു പുലർന്നത്. ആരാണീ ഘണ്ടി? തെക്കൻ ബോംബേയിലെ ഒരു പാഴ്സി കുടുംബാംഗമാണദ്ദേഹം. വർളിയിൽ കടലിന്നഭിമുഖമായുള്ള കൊട്ടാര സദൃശമായൊരു വീട്ടിലാണദ്ദേഹം പിറന്നതും വളർന്നതും. ഡൂൺ സ്കൂളിലായിരുന്നു വിദ്യാഭ്യാസം. പിന്നീട് ലണ്ടനിൽ CA ബിരുദത്തിന്നായി പഠിച്ചു. ഇന്ത്യയിൽ തിരിച്ചെത്തിയ ഘണ്ടി മഹാരാഷ്ട്രത്തിലെ പാവങ്ങളിൽ വച്ചേറ്റവും പാവങ്ങളായവർക്കിടയിൽ സേവനമാരംഭിച്ചു.

1970 കളിൽ ഇന്ത്യയിലെ സ്ഥിതി വഷളായപ്പോൾ ഘണ്ടി അണ്ടർഗ്രൗണ്ടിൽ പോയി. ഒരു സാമൂഹ്യശാസ്ത്രജ്ഞകൂടിയായിരുന്ന ഭാര്യ അനുരാധയും ഘണ്ടിയോടൊപ്പം ഒളിവിൽ പോയി. അവർ കഴിഞ്ഞ കൊല്ലം തലച്ചോറിനെ ബാധിക്കുന്ന മലമ്പനിമൂലം മരിച്ചു. (മധ്യേന്ത്യയിൽ ഇത്തരം മലമ്പനി വ്യാപകമാണ്.)

മഹാരാഷ്ട്രത്തിൽ പിടികൂടപ്പെട്ട ഏറ്റവും പ്രമുഖനായ നക്ഷലാണ് ഘണ്ടിയെന്നാണ് കേന്ദ്ര ആഭ്യന്തര കാര്യമന്ത്രി ചിദംബരം വിശേഷിപ്പിച്ചത്. സെപ്തംബർ 22ന്നു രാത്രി "ടൈംസ് നൗ" എന്ന ടെലിവിഷൻ ചാനലിൽ ഘണ്ടിയുടെ അറസ്റ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ചർച്ച നടന്നു. ഈ ചർച്ച പല രഹസ്യങ്ങളും പുറത്തുകൊണ്ടുവന്നു. കേന്ദ്ര ആഭ്യന്തരവകുപ്പ് കഴിഞ്ഞ ഒരു കൊല്ലമായി നക്ഷലുകൾക്കെതിരെ ഒരു വേട്ടക്കു തയ്യാറെടുക്കുകയായിരുന്നു എന്നതാണ് അതിലൊന്ന്. മധ്യേന്ത്യയിൽ നക്ഷൽ വേട്ടക്കായി 75,000 ഭടന്മാരെ നിയോഗിക്കാനാണ് പ്ലാൻ. സ്പെഷൽ സി.ആർ.പി. കമാൻഡോകൾ, ഇന്ത്യാ-തിബത്തൻ അതിർത്തി സംരക്ഷണ സേന തുടങ്ങിയവയിൽ പെട്ടവരെയെല്ലാം ഈ വേട്ടക്കിറക്കും. ഈ ആവശ്യത്തിന്നായി കാശ്മീരിൽ നിന്നും പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ഭടന്മാരെ പിൻവലിച്ചു തുടങ്ങിയതായും റിപ്പോർട്ടുണ്ട്. ഇതിന്നു പുറമെ ബോംബ് കൊണ്ടുപോകാനുള്ള ട്രക്കുകൾ, ബ്ലാങ്കറ്റുകൾ, അത്യാധുനിക ആയുധങ്ങൾ എന്നിവയും സമാഹരിച്ചു വരുന്നുണ്ടെന്നു പറയുന്നു. ഇതൊന്നും മതിയായില്ലെങ്കിൽ പട്ടാളത്തിലെ പ്രത്യേക സേനാവിഭഗത്തേയും രംഗത്തിറക്കുമെന്ന് ചിദംബരം ഭീഷണിപ്പെടുത്തിയിട്ടുണ്ട്.

നാട്ടിലെ ജനങ്ങൾക്കെതിരെ പട്ടാളത്തെ കയറൂരി വിടാനുള്ള ഇത്തരമൊരു തീരുമാനം രാഷ്ട്രീയ കക്ഷികൾക്കിടയിലും ജനസമൂഹത്തിന്നിടയിലും പത്രക്കാർക്കിടയിലും കടുത്ത വാദ പ്രതിവാദങ്ങൾക്കിടയാക്കേണ്ടതായിരുന്നു. പക്ഷെ ഒരാളും മിണ്ടുന്നില്ല. പ്രധാനമന്ത്രി മൻമോഹൻ സിങ്ങും ആഭ്യന്തരകാര്യമന്ത്രി ചിദംബരവും തീവ്രവാദികൾക്ക് പല ഓമനപ്പേരും ഇട്ടിട്ടുണ്ട്. ചിലപ്പോൾ അവരെ

നക്ഷലുകളെന്ന് വിളിക്കും; ചില പ്പോൾ മാവോയിസ്റ്റുകളെന്നു വിളി ക്കും. ഏതായാലും ഇന്ത്യയുടെ "ആഭ്യന്തര സുരക്ഷിതത്വത്തിന്ന്" ഏറ്റവും വലിയ ഭീഷണി ഇവരാ ണെന്നു രണ്ടുപേരും തീർത്തു പറ യുന്നു. ഗവർമ്മേണ്ട് ഉദ്ദേശിക്കുന്ന സൈനിക നടപടികൊണ്ട് പ്രശ്നം തീർന്നേക്കാം. പക്ഷെ ഇതുമാത്ര മാണോ പരിഹാര മാർഗ്ഗം? ഇതാണോ ഏറ്റവും നല്ല പരിഹാര മാർഗ്ഗം? ഇതുകൊണ്ട് പ്രശ്നം തീരുമോ? ഈ സൈനിക നടപടിക്ക് ആരാണിരയാകുക? അതിന്റെ പ്രത്യാഘാതങ്ങൾ എന്തായിരിക്കും? നമ്മൾ യഥാർത്ഥത്തിൽ ആർക്കെതി രെയാണ് യുദ്ധം പ്രഖ്യാപിക്കാൻ പോകുന്നത്? നമ്മൾ പ്രഖ്യാപിക്കുന്ന തെന്താണ്? നമ്മൾ ശരിക്കും കണ്ണു തുറന്നുകൊണ്ടുതന്നെയാണോ ഇതി ന്നിറങ്ങുന്നത്? കാശ്മീരിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും നാം കൈക്കൊണ്ട നടപടികൾ വരുത്തി ക്കൂട്ടിയ അപരിഹാര്യമായ സ്ഥിതി വിശേഷത്തിൽനിന്ന് നാം വല്ലതും പഠിച്ചിട്ടുണ്ടോ? പഠിക്കുന്നുണ്ടോ? ജനാധിപത്യപരമായ ഒരു സമൂഹം ചോദിക്കേണ്ട ചോദ്യങ്ങളാണിവ. സമൂഹത്തിലെ പ്രമാണിവർഗ്ഗം ഇതി ന്റെയെല്ലാം നേരെ കണ്ണടക്കുന്നത് നമുക്കു മനസ്സിലാക്കാം. എന്നാൽ ഇത്തരമൊരു സൈനിക നടപടി അത്യാസന്നമായിരിക്കുന്ന ഒരു വേള യിൽ, ദേശീയ രാഷ്ട്രീയ കക്ഷികൾ മൗനം പാലിക്കുന്നതിനെന്താ ണർത്ഥം?

രാഷ്ട്രീയ കക്ഷികൾ മൗനം പാലി ക്കുന്നുവെന്നതു മാത്രമല്ല അപകടം. കുറച്ചു ദിവസം മുമ്പ് സർക്കാർ ഒരു "പരസ്യയുദ്ധം" ആരംഭിക്കുകയുണ്ടാ യി. തീവ്രവാദികൾക്കെതിരായ മന ശാസ്ത്രപരമായ യുദ്ധമാണത്രെ ഇത്. നക്ഷലുകളെന്നത് കൊലപാ തകികളല്ലാതെ ആരുമല്ല എന്ന കുറ്റൻ തലക്കെട്ടോടുകൂടിയ പരസ്യം പ്രധാന പത്രങ്ങളിലെല്ലാം നീണ്ടുനി വർന്നു കിടക്കുന്നതു കണ്ടു. പരസ്യ ത്തോടൊപ്പം ചിത്രങ്ങളുമുണ്ട്; കഴു ത്തറത്ത നിലയിൽ കിടക്കുന്ന പുരു ഷന്മാരുടെ, സ്ത്രീകളുടെ കുട്ടിക ളുടെ ചിത്രങ്ങൾ.

സെപ്തംബർ 22-ാം തിയ്യതി രാത്രി കോബാഡ് ഘണ്ടിയെക്കുറിച്ചൊരു ടെലിവിഷൻ പരിപാടിയുണ്ടായിരു ന്നു. അവതാരകനായ ഗോസ്വാമി ചോദിക്കുകയാണ്; ഇയാൾ പ്രത്യയ ശാസ്ത്രക്കാരനാണോ? ഭീകര നാണോ? നഗരത്തിലെ തന്റെ കസേ രക്കപ്പുറം ഒന്നും കണ്ടിട്ടില്ലാത്ത ഗോസ്വാമി തുടരുന്നു.

"നിർദ്ദോഷികളായ ആറായിരം ഇന്ത്യക്കാരാണ് ഈ ഘണ്ടിയുടെ കിങ്കരന്മാരാൽ കൊലചെയ്യപ്പെട്ടത്". പറയുന്നതുകേട്ടാൽ ഈ ഘണ്ടി ഏതോ ഇഡി അമീനോ മറ്റോ ആണെന്നു തോന്നിപ്പോകും. "എന്നിട്ടും ഈ മനുഷ്യാവകാശക്കാർ ഇയാളെ വിട്ടയക്കണമെന്ന് ആവശ്യ പ്പെടുന്നു"വെന്ന് അദ്ദേഹം പരാതി പറയും. ഗോസ്വാമിക്ക് മനുഷ്യാവ കാശ വാദികളെ പരമ പുഛമാണ്. ഝാർഖണ്ടിൽ നക്ഷലുകൾ കൊന്ന 12 വയസ്സുള്ള പെൺകിടാവിനെപ്പറ്റി നിങ്ങൾക്കെന്തു പറയാനുണ്ട്. ബംഗാളിൽ ഇന്നലെ കൊന്ന 15 മാർക്സിസ്റ്റുകാരെപ്പറ്റി എന്തു പറ യുന്നു. ഞങ്ങൾ ചോദിക്കുന്ന ചോദ്യ ങ്ങൾ വളരെ ലളിതമാണ്. ഇയാളൊരു ഭീകരനാണോ? പ്രത്യയ ശാസ്ത്ര വാദിയാണോ? അതിക്രമ ങ്ങൾക്ക് ഇയാൾ ഉത്തരവാദിയണോ? അല്ലല്ലോ? കൊല്ലപ്പെട്ട 6000 പേർക്ക് ഇയാൾ ഉത്തരവാദിയാണോ അല്ലയോ?

ഒരു വ്യക്തിയെന്ന നിലയിൽ ഗോ സ്വാമിയുടെ വായാടിത്തം മനസ്സിലാ ക്കാവുന്നതേയുള്ളൂ. പക്ഷെ ഇക്കാ ലത്ത് ഏറ്റവും പ്രചാരമുള്ള ഇംഗ്ലീഷ് ടെലിവിഷൻ ചാനലിനെ ഇയാൾ പ്രതിനിധാനം ചെയ്യുന്നുവെന്നത് വളരെ ഗുരുതരമായി കണക്കാക്കേ ണ്ടതാണ്. കാരണം, ഇന്ത്യയിലെ ഇംഗ്ലീഷ് സംസാരിക്കുന്ന, ഇടത്തര ക്കാരായ, നഗരവാസികളെ ഇയാൾ പ്രതിനിധീകരിക്കുന്നു. ഇതിനോ ടൊപ്പം സർക്കാർ നക്ഷൽ വിരുദ്ധ പരസ്യങ്ങളും കൂട്ടിവായിക്കണം.

ഈ നക്ഷൽ കടംകഥയുടെ മർമ്മ ത്തിൽ മൂന്നു ചോദ്യങ്ങളാണുള്ളത്. (1) ആരാണീ നക്ഷൽ? (2) സമരത്തി ന്നുള്ള ഒരു കരുവെന്ന നിലയിൽ ഹിംസ ഉപയോഗിക്കുന്നത് ശരിയോ തെറ്റോ? (3) എന്തുകൊണ്ടാണ് ഇന്ത്യ യിലാകെ നക്ഷലിസം വളർന്നുകൊണ്ടി രിക്കുന്നത്? ഘണ്ടിയുടെ കാര്യത്തി ലെന്നപോലെ ആർക്കും നക്ഷലായി തീരാം. ആന്ധ്രയിലെ അവശരായ ദളിതുകൾക്കിടയിൽനിന്ന് നക്ഷൽ വളർന്നുവരാം. ഛത്തീസ്ഗഢിലെ പര മദരിദ്രരായ ആദിവാസികൾക്കിട യിൽനിന്നു നക്ഷലുകളുണ്ടാകാം; ബംഗാളിലെന്നപോലെ ഇടത്തരക്കാ രായ ബുദ്ധിജീവികൾ നക്ഷലുക ളാകാം; ബോംബെയിലെ അതിസമ്പന്ന വർഗ്ഗത്തിന്നിടയിൽനിന്നും നക്ഷൽ ജനി ക്കാം. വിജ്ഞാനികളായ ഈ വിപ്ലവ കാരികൾ രണ്ടു തലത്തിൽ വർത്തിക്കു ന്നു. രാഷ്ട്രീയ തലത്തിൽ പറഞ്ഞാൽ ഇവർ പാർലിമെന്ററി ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ല. അധികാരമെല്ലാം മേൽത്തട്ടുകാരായ നാടുവാഴി പ്രഭുക്ക ന്മാർതന്നെ കയ്യടക്കി വച്ചിരിക്കുകയാ ണെന്ന് അവർ മനസ്സിലാക്കുന്നു. അധി കാരം ജനങ്ങളുടെ കൈകളിലെത്തണ മെന്ന് അവർ ആഗ്രഹിക്കുന്നു. അതി ന്നവർ കാണുന്ന മാർഗ്ഗം സായുധ സമ രമാണ്. ഇത് ശരിയല്ല. ഇവരെ ഒതു ക്കാൻ ഗവർമ്മേണ്ട് നടപടിയെടുക്കു ന്നത് ശരിയാണെന്നു മനുഷ്യാവകാശ പ്രസ്ഥാനക്കാർ പോലും കരുതുന്നു. മാവോയിസ്റ്റുകൾ അധികാരത്തിൽ വന്നുവെന്നു കരുതുക. ആ അധികാ രത്തെ മറ്റൊരു കൂട്ടർ വെല്ലുവിളിച്ചാൽ മാവോയിസ്റ്റുകൾ പൊറുക്കില്ല. അതു പോലെതന്നെയാണ് ഇതും. സായുധ സമരത്തിലൂടെ അധികാരം പിടിച്ചെടു ക്കാൻ ആരായാലും ശ്രമിക്കരുത്. നക്ഷ ലുകൾ പലേടത്തും വിമോചിത മേഖ ലകൾ ഉണ്ടാക്കി. പോലീസിനെ തടയു ന്നതും ശരിയല്ല. നക്ഷലുകൾ ജന ങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരാ ണെങ്കിൽ ആജനങ്ങൾക്ക് ദ്രോഹകരമാ യിത്തീരുന്ന ഒന്നും അവർ ചെയ്യരുത്.

ഹിംസാമാർഗ്ഗം അവലംബിക്കുന്ന ചിലരുണ്ടെന്നതുകൊണ്ട് നക്ഷൽ ചിന്താഗതിക്കാരെയാകെ വേട്ടയാടാ വുന്നതാണോ? അത് ആത്മഹത്യാപര മാകും. പോലീസിന്നോ പട്ടാള ത്തിന്നോ തുടച്ചുമാറ്റാൻ കഴിയുന്ന ഒന്നല്ല നക്ഷലിസം. പണ്ട് 1970 കളിൽ ബംഗാൾ മുഖ്യമന്ത്രി സിദ്ധാർത്ഥ ശങ്കർ റേ നക്ഷലുകളുടെ മുഴുവൻ കഥകഴി ച്ചതായിരുന്നു. നക്ഷൽ അതിക്രമ ങ്ങളെക്കുറിച്ചുള്ള കഥകൾ ശരിയായി രിക്കാം. പക്ഷെ നക്ഷൽ നേതാക്കൾക്ക് ജനങ്ങൾക്കിടയിൽ പരക്കെ പിന്തുണ യുണ്ടായിരുന്നുവെന്നത് ഒരു വാസ്തവ മാണ്. കാരണം, ഭരണകൂടത്താൽ അവ ഗണിക്കപ്പെടുന്ന പാവങ്ങൾക്ക് അധി കാരം കരഗതമാക്കാൻ നക്ഷലുകൾ ശ്രമിച്ചിരുന്നു. കഴിഞ്ഞ അറുപതു കൊല്ലമായി അവഗണിക്കപ്പെട്ടു കിടക്കു ന്നവർക്ക് അധികാരം കൈമാറാനാണ് നക്ഷലുകൾ ശ്രമിക്കുന്നത്. നക്ഷലുക ളിൽ മിക്കവരും അറിവും പഠിപ്പുമുള്ള വിപ്ലവകാരികളൊന്നുമല്ല. വേട്ടയാടപ്പെ ടുന്ന ആദിവാസികളും നാട്ടിൽ കിക്ക പ്പൊറുതി മുട്ടിയ ദളിതുകളും മറ്റുമാണ്

നക്ഷലുകളായി മാറുന്നത്.

ബീഹാറിൽ താൻ കണ്ടെത്തിയ ഒരു നക്ഷലിനെപ്പറ്റി പൊതുപ്രവർത്തകയായ ബേല ബടീയ പറയുന്ന തിങ്ങനെയാണ്. "നിങ്ങൾക്കെന്നെ നക്ഷൽ എന്നോ മറ്റെന്തെങ്കിലും പേരോ പറയാം. ഞാൻ തോക്കെടുത്തിരിക്കുന്നത് എന്റെ മൂന്നു കിലോ അരികിട്ടാനാണ്".

ലഘുവായ ചോദ്യം ഇതാണ്. ഇന്ത്യാ ഗവർമ്മേണ്ട് ഏറ്റവും അവശരായ ജനങ്ങളുടെ നേരെ യുദ്ധം പ്രഖ്യാപിക്കണമോ? ജനങ്ങൾക്ക് അധികാരം കൈമാറാനും, അവരെ ഹിംസാ മാർഗ്ഗത്തിൽനിന്ന് പിൻതിരിപ്പിക്കാനും വേറെ വഴിയില്ലേ? നക്ഷൽ കടംകഥക്ക് ഒരു ഉദാഹരണമാണ് ബംഗാളിലെ ലാൽഗഡ്. കഴിഞ്ഞ ആറുമാസമായി ഇന്ത്യയിലെ മുഖ്യധാരാ മാധ്യമങ്ങളെല്ലാം ലാൽഗഡിലെ നക്ഷൽ ശല്യത്തെപ്പറ്റി വായ്തോരാതെ ചിലച്ചുവരികയായിരുന്നു. പക്ഷെ ഒരൊറ്റ പത്രവും കഴിഞ്ഞ മേയിലെ സംഭവ വികാസങ്ങളുടെ കാരണമെന്തെന്ന് അന്വേഷിക്കുകയുണ്ടായില്ല. ഒരു നാടാകെ ഒരൊറ്റ ദിവസംകൊണ്ട് മാവോയിസ്റ്റാകുമോ? ഒരു വധശ്രമത്തിന്റെ പേരിൽ പോലീസ് ആ നാട്ടിലെ ജനങ്ങളെയെല്ലാം വേട്ടയാടി വരികയായിരുന്നുവെന്ന് ആരും എഴുതിയില്ല. ഒരു ദിവസമോ രണ്ടു ദിവസമോ അല്ല ഇതുണ്ടായത്. ഏതെങ്കിലും ക്രിമിനലിനെയുമല്ല വേട്ടയാടിയത്. ഒരു നാട്ടിലെ നിരപരാധികളായ ആദിവാസി യുവാക്കളെയെല്ലാം മാസങ്ങളോളം വേട്ടയാടി. പൊറുതിമുട്ടിയ ആദിവാസികൾ സ്വയം സംഘടിച്ച് പോലീസിന്റെ അതിക്രമങ്ങളെ ചെറുത്തു. അമ്പും വില്ലും മഴുവും പിക്കാസും മാത്രമായിരുന്നു അവരുടെ ആയുധം. ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ ആന്ധ്രയിലെ മാവോയിസ്റ്റ് നേതാവായ കിഷൻജി ലാൽഗഡിൽ എത്തുന്നു. പോലീസിനെ നേരിടാനുള്ള തന്ത്രങ്ങൾ അദ്ദേഹം പഠിപ്പിച്ചതായിട്ടാണ് കാണുന്നത്. തോക്ക് ഉപയോഗിക്കാൻ പഠിപ്പിച്ചതും ഇയാളാണെന്നു കാണുന്നു. ഗവർമ്മേണ്ടിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം രൂക്ഷമായിരുന്നു. പോലീസിനു പുറമെ സായുധസേനയേയും ഗവർമ്മേണ്ട് രംഗത്തിറക്കി. ദിവസങ്ങളോളം നീണ്ടുനിന്ന സംഘട്ടനങ്ങൾക്കു ശേഷം ലാൽഗഡിനെ "മോചിപ്പിച്ച"തായി സർക്കാർ പ്രഖ്യാപിച്ചു. വാസ്തവം പറഞ്ഞാൽ ലാൽഗഡ് ഇപ്പോഴും നീറിക്കത്തിക്കൊണ്ടിരിക്കുകയാണ്.

അങ്ങകലെ ഛത്തീസ്ഗഡിലെ ദന്തേവാദയിലുള്ള ഒരേയൊരു ഗാന്ധിയനും മനുഷ്യാവകാശ പ്രവർത്തകനുമായ ഹിമാംശുകുമാർ ചോദിക്കുന്നു: നക്ഷലിസം ഒരു പ്രശ്നമാണെന്ന് നമുക്കെല്ലാം സമ്മതിക്കാം. പക്ഷെ എന്തുകൊണ്ടാണ് ഈ പാവങ്ങൾ മരണത്തിൽ ചെന്നെത്തുന്ന ഒരു രാഷ്ട്രീയത്തിലേക്ക് ആകർഷിക്കപ്പെടുന്നത്? നാണക്കേടും ഗതികേടും മാത്രം പ്രദാനം ചെയ്യുന്ന ഒരു സംവിധാനത്തേക്കാൾ ഭേദം മരണമാണെന്ന ഒരു തോന്നലുണ്ടാക്കുന്ന ഒരു സാഹചര്യം നാം സൃഷ്ടിച്ചിട്ടുണ്ടോ? ഉവ്വ് എന്നാണെങ്കിൽ, ഞാനെന്തിന്ന് അതിനെ പിന്താങ്ങാൻ നിൽക്കണം? ഈ പാവങ്ങൾ പ്രത്യേകിച്ചൊന്നും ആവശ്യപ്പെടുന്നില്ല. വിശപ്പടക്കാൻ ഭക്ഷണം, ചികിത്സാ സൗകര്യം, കുറച്ച് തുണി, കുട്ടികൾക്ക് പഠിക്കാനൊരു സ്കൂൾ, തങ്ങളിത്രയും കാലം കൈവശം വച്ചനുഭവിച്ചിരുന്ന അല്പം ഭൂമി-അത്രയേ ഇവർ ആവശ്യപ്പെടുന്നുള്ളൂ. ജനാധിപത്യപരമായ പ്രക്രിയകളിലൂടെ ഇവരെ പാട്ടിലാക്കുന്നതിന്ന് ശ്രമിക്കുന്ന ➡

തിന്നു പകരം, നാം തോക്കുകൊണ്ട് ജനാധിപത്യം നടപ്പാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ, നാം അപകടം പിടിച്ച ഒരു സ്ഥിതിവിശേഷത്തിലാണ് ചെന്നു ചേരുകയെന്നു എനിക്കു തോന്നുന്നു. ഈ പോക്ക് ആഭ്യന്തര യുദ്ധത്തിലാണ് കലാശിക്കുക.

ഹിമാംശുവിനെപ്പോലുള്ള ഒരാൾ ഇതു പറയുമ്പോൾ നാം അതു ശ്രദ്ധിക്കണം. കാരണം കഴിഞ്ഞ പതിനേഴു കൊല്ലമായി ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചു വരുന്ന ഒരാളാണദ്ദേഹം. ❑

# തമാങ്ങിന്റെ റിപ്പോർട്ടും അണിയറ രഹസ്യങ്ങളും

- അജിത് സാഹി -

**2**004 ജൂണിൽ മുംബായിൽ നിന്ന് റാഞ്ചിക്കൊണ്ടുപോയി അഹമ്മദാബാദ് നഗരപരിസരത്തിൽവച്ച് വെടിവച്ചു കൊന്ന ഇഷ്റാത് ജഹാന്റേയും മറ്റു മൂന്നു പേരുടേയും വധം മനഃപൂർവ്വം നടത്തിയ കൊലപാതകമാണെന്ന് മെട്രോപൊലിറ്റൻ മജിസ്ട്രട്ട് എസ്.പി. തമാങ് ഇക്കഴിഞ്ഞ സെപ്തംബർ 7ന്നു സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

തമാങ്ങിന്റെ റിപ്പോർട്ട് വളരെ ലളിതമാണ്. നമുക്കവയിൽ ചിലത് നോക്കാം.

(1) കൊല്ലപ്പെട്ടവരുടെ ശരീരത്തിൽ വെടിയുണ്ട ഏറ്റപ്പോഴുണ്ടായ മുറിവിനേക്കാൾ വലുതാണ് വെടിയുണ്ട ശരീരത്തിൽനിന്ന് പുറത്തുപോയപ്പോൾ ഉണ്ടായ മുറിവ്. തൊട്ടടുത്തുനിന്നു വെടിവച്ചാൽ മാത്രമേ ഇങ്ങനെ സംഭവിക്കൂ. പലവെടിയുണ്ടകളും ശരീരത്തിൽ നിന്ന് പുറത്തുപോയത് അകത്തു പ്രവേശിച്ചതിനേക്കാൾ താഴ്ന്ന ഉയരത്തിലാണ്. ഇതിൽനിന്ന് അനുമാനിക്കേണ്ടത് കൊല്ലപ്പെട്ടവരെയെല്ലാം പിടിച്ചിരുത്തി, തൊട്ടടുത്തുനിന്നുകൊണ്ട് വെടിവച്ചുവെന്നാണ്.

(2) പോലീസ് പറയുന്നത് എഴുപത് വെടിവച്ചുവെന്നാണ്. എന്നാൽ വെടിയുണ്ടകളിൽ ഒന്നുപോലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പോലീസ് പറയുന്നത് തങ്ങൾ ഇഷ്റാത്തിന്റെ കാറിന്റെ ഇടതുഭാഗത്ത് വെടിവച്ചുവെന്നും അങ്ങനെ ഒരു ടയർ പൊളിഞ്ഞപ്പോൾ കാർ വലതുഭാഗത്തെ ഡിവൈഡറിൽ ഇടിച്ചുവെന്നുമാണ്. ഇത് വ്യക്തമായും നുണയാണ്. കാരണം, ഇടത്തെ ടയർ പൊളിഞ്ഞുവെങ്കിൽ കാർ ഇടതുഭാഗത്തേക്കാണ് വലതുഭാഗത്തേക്കല്ല തെന്നിപ്പോകുക.

(3). AK 56 റൈഫിൾ കൊണ്ടും ഒരു 9mm കൈതോക്കുകൊണ്ടും വെടിവച്ചതിന്റെ മുറിവാണ് മരിച്ചവരുടെ ശരീരത്തിൽ കാണുന്നത്. പോലീസിന്ന് ഇത്തരം തോക്കുകൾ നൽകാറില്ല. നേരെമറിച്ച് മരിച്ചവരുടെ ശരീരത്തിന്നടുത്തു കാണുന്ന തോക്കുകളാണിവ. മരിച്ചവരെ വെടിവയ്ക്കാൻ ഉപയോഗിച്ച തോക്കുകൾ മൃതദേഹത്തിന്നടുത്തു കൊണ്ടുപോയി വച്ചതാണെന്ന് അനുമാനിക്കാം.

(4) വെറും ഐഡന്റിറ്റി കാർഡ് മാത്രമാണ് മൃതദേഹങ്ങളിൽ കണ്ടത്. കോളേജ് വിദ്യാർത്ഥിനിയായ ഇഷ്റാത്ത് ആ സമയത്ത് തന്റെ ഐഡന്റിറ്റി കാർഡ് കഴുത്തിൽ തൂക്കിയിടേണ്ട കാര്യമെന്താണ്? മരിച്ചവരിൽ ഒരാളുടെ കയ്യിലും ഒരു രൂപ പോലും ഇല്ലായിരുന്നു. അതേസമയം കാറിന്റെ ബൂട്ടിൽ പൂട്ടാത്തൊരു ബ്രീഫ് കേസിൽ

രണ്ടുലക്ഷം രൂപയുണ്ടായിരുന്നു. ഐഡന്റിറ്റി കാർഡും പണവുമെല്ലാം പോലീസ് അവിടെ കൊണ്ടുപോയി വച്ചതാണെന്നു വ്യക്തം.

(5) 2004 ജൂൺ 15-ാം തിയ്യതി ഉച്ച തിരിഞ്ഞ് 3.40ന്നാണ് പോസ്റ്റ്മോർട്ടം നടത്തിയത്. അപ്പഴേക്കും ശരീരം മര വിച്ചു തുടങ്ങിയിരുന്നു. ഏതാണ്ട് 24 മണിക്കൂർ മുമ്പ് മരണം സംഭവിച്ചുവെ ന്നാണിത് കാണിക്കുന്നത്. പക്ഷെ പുലർച്ചക്കു 4 മണിക്ക് "ഏറ്റുമുട്ടൽ" നട ന്നുവെന്നാണ് പോലീസ് പറയുന്നത്. അതു ശരിയാകാൻ നിവൃത്തിയില്ല. കുറെ നേരത്തെതന്നെ വധം കഴിഞ്ഞ ശേഷം വഴിയിലെ തിരക്കൊഴിയാൻ പോലീസ് കാത്തിരിക്കുകയായിരുന്നു.

തമാങ്ങിന്റെ ഈ റിപ്പോർട്ട് മുഖ്യ മന്ത്രി മോഡിയുടെ അനുചരന്മാർക്കിട യിൽ പരിഭ്രാന്തിയുളവാക്കിയിട്ടുണ്ട്. അവരിൽ പലരും സൊഹ്റാബുദീൻ ഷേഖിന്റെ വധവുമായി ബന്ധപ്പെട്ട് ഇതിന്നകം തന്നെ ജയിലിലായി കഴി ഞ്ഞു. ഇഷ്റാത്തിന്റെ കേസ് കത്തിപ്പട രുകയാണെങ്കിൽ ഇപ്പോൾ മോഡിയുടെ സഹചരരായി കഴിയുന്ന പലരും കാര്യ ങ്ങൾ തുറന്നു പറഞ്ഞു സ്വന്തം തടി രക്ഷിക്കാൻ ശ്രമിക്കും. അതിനാൽ ഇഷ്റാത്തിന്റെ കേസന്വേഷണം തേച്ചു മാച്ചു കളയാനാണ് ഇപ്പോഴത്തെ ശ്രമം. ഗുജറാത്ത് ഗവർമ്മേണ്ടിന്റെ വക്താ വായ ജയനാരായൺ വ്യാസ് ഈ അന്വേഷണത്തെ അപലപിച്ചു കഴി ഞ്ഞു. ഇത്തരത്തിലൊരു അന്വേഷണം നടത്താൻ തമാങ്ങിനെ ആരാണധികാ രപ്പെടുത്തിയതെന്ന് തങ്ങൾക്കറിയി ല്ലെന്നാണ് ഗുജറാത്ത് ഗവർമ്മേണ്ട് ഹൈക്കോടതിയിൽ പറഞ്ഞിരിക്കുന്ന ത്. എന്നാൽ ഈ അന്വേഷണ കല്പന നൽകിയത് ഗുജറാത്ത് ഗവർമ്മേണ്ട് തന്നെയാണെന്നതാണ് സത്യം.

അഹമ്മദാബാദിലെ ചീഫ് മെട്രോ പോലിറ്റൻ മജിസ്ട്രേട്ടായ ഡി.എം. പട്ടേ ലിന്ന് അന്വേഷണം വേഗം പൂർത്തിയാ ക്കൻ ഗവർമ്മേണ്ട് നിർദ്ദേശം നൽകി. ആഭ്യന്തര വകുപ്പിലെ ഒരു ഉദ്യോഗ സ്ഥൻ ആഗസ്റ്റ് 12ന്നാണ് ഫോണിൽ ഈ നിർദ്ദേശം നൽകിയത്. അന്നു തന്നെ ചീഫ് മെട്രോപോലിറ്റൻ മജി സ്ട്രേട്ട് അന്വേഷണ ചുമതല തമാ ങ്ങിന്നു കൈമാറി. കേസ് സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, ഫോറൻസിക് റിപ്പോർട്ട്, തുടങ്ങിയ സകലവിധ രേഖ കളും തമാങ്ങിന് എത്തിച്ചു കൊടുക്കു കയും പണി വേഗം തീർക്കണമെന്ന് പ്രത്യേകിച്ചാവശ്യപ്പെടുകയും ചെയ്തു.

തമാങ് സെപ്തംബറിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു; അതുകഴിഞ്ഞു രണ്ടു ദിവസത്തിന്നകം പട്ടേലിനെ സ്ഥലം മാറ്റുകയും ചെയ്തു. അപ്പോൾ ഒരു ചോദ്യം; ഏറ്റുമുട്ടൽ മരണം സംഭ വിച്ച് അഞ്ചുകൊല്ലത്തിന്നു ശേഷം ഗുജ റാത്ത് ഗവർമ്മേണ്ട് ഇപ്പോൾ എന്തി നൊരു അന്വേഷണത്തിന്നു കൽപ്പന നൽകി. ഈ ചോദ്യത്തിനുത്തരം കിട്ട ണമെങ്കിൽ കുറെ വളഞ്ഞ വഴികൾ താണ്ടണം.

ഇഷ്റാത്തിന്റെ അമ്മ ഷമീമ അഞ്ചു കൊല്ലം മുമ്പ് ഗുജറാത്ത് ഹൈക്കോട തിയിൽ ഒരു ഹർജി ഫയൽ ചെയ്തി രുന്നു. ഇത്രയും കാലം അതവിടെ പൊടിപിടിച്ചു കിടക്കുകയായിരുന്നു. എന്നാൽ കഴിഞ്ഞ ജൂൺ 26ന്ന് ആ കേസ് പരിഗണനക്കെടുത്തു. ഈ കേസിൽ സി.ബി.ഐ. യെ കൂടി കക്ഷി ചേർക്കാൻ ജ: ഝാവേരി കൽപന നൽകി. ഗുജറാത്ത് പോലീസി നെയാകെ ഈ കല്പന സംഭ്രാന്തമാ ക്കി. സി.ബി.ഐ. യെ ഈ കേസിനടു ത്തെങ്ങും കൊണ്ടു വരരുതെന്ന് അവർ മുഖ്യമന്ത്രി മോഡിയെ ധരിപ്പിച്ചു.

ഇതിന്ന് രണ്ടു തന്ത്രങ്ങളാണവർ ആവിഷ്ക്കരിച്ചത്. കേന്ദ്ര ആഭ്യന്തര വകുപ്പിനെക്കൊണ്ട് ഈ ഏറ്റുമുട്ടൽ ശരി യായിരുന്നുവെന്ന് ഹൈക്കോടതിയിൽ ഒരു സത്യവാങ്മൂലം സമർപ്പിക്കുക. ദൽഹിയിലെ ഇന്റലിജൻസ് ബ്യൂറോ വിൽ മോഡിയുടെ ചില ശിഷ്യന്മാരുണ്ട്. മോഡിയെ കൊല്ലാൻ ഭീകരന്മാർ പുറ പ്പെട്ടിട്ടുണ്ടെന്ന് മുന്നറിയിപ്പ് നൽകിയത് ഈ ശിങ്കിടികളാണ്. ഇഷ്റാത്തിന്റെ വധം സംബന്ധിച്ച അന്വേഷണത്തിൽ സി.ബി.ഐ.യെ ഉൾപ്പെടുത്തരുതെന്ന വാശി ഇവർക്കായിരുന്നു. ഇവരുടെ പ്രേരണമൂലമാണ് കേന്ദ്രഗവർമ്മേണ്ട് ഗുജറാത്ത് ഹൈക്കോടതിയിൽ സത്യ വാങ്മൂലം സമർപ്പിച്ചത്.

പക്ഷെ ഇതിന്നിടയിൽ ഗുജറാത്ത് ഹൈക്കോടതിയിൽ കാര്യങ്ങൾ അതി വേഗം നടക്കുകയായിരുന്നു. ഉന്നത സ്ഥാനീയരായ ഉദ്യോഗസ്ഥന്മാരെ ക്കൊണ്ട് അന്വേഷണം നടത്തിക്കുന്ന കാര്യം താൻ പരിഗണിക്കുമെന്ന് ജ: ഝാവേരി ആഗസ്റ്റ് 7ന്ന് പറഞ്ഞു. അതി ന്നായി കേസ് ആഗസ്റ്റ് 12 ലേക്ക് മാറ്റി. (ഈ ഘട്ടത്തിലാണ് ഏറ്റുമുട്ടൽ ശരി യായിരുന്നുവെന്ന് കേന്ദ്ര ഗവർമ്മേണ്ട് സത്യവാങ്മൂലം സമർപ്പിച്ചത്. അഹമ്മ ദാബാദിലുള്ള കേന്ദ്ര ഗവർമ്മേണ്ടിന്റെ വക്കീലായ അസി: സേളിസിറ്റർ ജനറൽ പി.എസ്. ചപ്പനേരി ഈ സത്യവാങ് മൂലം കോടതിയിൽ സമർപ്പിക്കാൻ കൂട്ടാക്കിയില്ലെന്ന് റിപ്പോർട്ടുണ്ട്. കാര ണം, അതിന്നുമുമ്പൊരു വിചാരണക്കി ടയിൽ, കേസ് സി.ബി.ഐ. ക്ക് വിടണ മെന്ന് ഇതേ ചപ്പനേര ജ: ഝാവേരി യോട് പറഞ്ഞിരുന്നു. അതുകൊണ്ട് ഈ ഘട്ടത്തിൽ കാലുമാറാൻ അദ്ദേഹം വിസമ്മതിച്ചു. എന്നാൽ ഒടുവിൽ വഴ ങ്ങി)

ഇതിന്നിടയിൽ ഗുജറാത്തിലെ പോലീസ് മേധാവിമാർ മറ്റൊരു തന്ത്രം പ്രയോഗിച്ചു. അഞ്ചുകൊല്ലമായിട്ടും പൂർത്തിയാകാതെ കിടക്കുന്ന മജിസ്റ്റീ രിയൽ അന്വേഷണം പൂർത്തിയാക്കാൻ ഗവർമ്മേണ്ട് തീരുമാനിച്ചു. ഇതിന്നിട യിൽ 2006 ൽ നിയമം മാറിയിരുന്നു. അസ്വാഭാവിക മരണം സംബന്ധിച്ച് അന്വേഷണം ജുഡീഷ്യൽ മജിസ്ട്രേട്ട് തന്നെ നടത്തണമെന്ന പുതിയ നിയമം പ്രാബല്യത്തിൽ വന്നിരുന്നു.

അതിനാൽ ഗുജറാത്ത് ആഭ്യന്തര വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ആഗസ്ത് 12ന്ന് ചീഫ് മെട്രോപൊലീ റ്റൻ മജിസ്ട്രേട്ടായ ഡി.എം. പട്ടേലി നോട് അന്വേഷണം "വേഗം" പൂർത്തി യാക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് പട്ടേൽ അന്നുതന്നെ രേഖകളെല്ലാം തമാങ്ങിന്നു കൈമാറി. തമാങ്ങാകട്ടെ, വെറും മൂന്നാഴ്ചകൊണ്ട് അന്വേഷണ റിപ്പോർട്ട് പൂർത്തായാക്കി സെപ്തംബർ 7ന്ന് ഗവർമ്മേണ്ടിന്ന് സമർപ്പിക്കുകയും ചെയ്തു.

ജ: ഝാവേരി ഈ അന്വേഷണ റിപ്പോർട്ട് സ്റ്റേ ചെയ്തിട്ടുണ്ടെന്നത് ശരി യാണ്. പക്ഷെ ഒരന്വേഷണ റിപ്പോർട്ട് സ്റ്റേ ചെയ്യുന്നതിന്ന് എന്താണർത്ഥമെ ന്നറിയില്ല. അന്വേഷണ റിപ്പോർട്ട് വസ്തുനിഷ്ഠമാണെങ്കിൽ പടച്ചവന്നു പോലും അതു സ്റ്റേ ചെയ്യാനാവില്ല. ഈ കേസന്വേഷിക്കാൻ ജ: ഝാവേരി മുതിർന്ന പോലീസ് ഉദ്യോഗസ്ഥനാമാ രടങ്ങിയ ഒരു സംഘത്തെ നിയോഗിച്ചി ട്ടുണ്ടെന്നും അവരുടെ റിപ്പോർട്ട് കിട്ടു ന്നതിന്നു മുമ്പ് ഇത്തരത്തിലൊരു റിപ്പോർട്ട് സമർപ്പിക്കുന്നത് കോർട്ടല ക്ഷ്യമാണെന്നുമാണ് ജ: ഝാവേരി പറ യുന്നത്.

പക്ഷെ ഇന്ത്യൻ ഭരണഘടനയിലൊ രിടത്തും ഒരു ഉദ്യോഗസ്ഥ റിപ്പോർട്ട് ജൂഡീഷ്യൽ റിപ്പോർട്ടിനേക്കാൾ മീതെയാണെന്നു പറയുന്നില്ല. ജൂഡീഷ്യൽ റിപ്പോർട്ടിൽ തെറ്റുണ്ടെ ങ്കിൽ, ഹൈക്കോടതിക്കും സുപ്രീം കോടതിക്കും അതു പരിശോധിക്കാ വുന്നതേയുള്ളു; എന്നാൽ ഒരു ജൂഡീ ഷ്യൽ റിപ്പോർട്ട് ശരിയല്ലെന്ന് ഒരു ഉദ്യോഗസ്ഥനും പറയാനാവില്ല; അങ്ങനെ പറയുന്നതാണ് കോർട്ടല ക്ഷ്യമായിത്തീരുക.

ജ: ഝാവേരി നിയോഗിച്ചിട്ടുള്ള അന്വേഷണ സംഘത്തിന്ന് എന്തുചെ യ്യാൻ കഴിയും (ജ: ഝാവേരി നിയോ

# ഒരു ചോദ്യവും ഉത്തരവും

ഗുജറാത്തിലെ ജനസംഘർഷമഞ്ചിന്റെ കൺവീനറും ഒരഭിഭാഷകനുമായ മുകുൾ സിംഹയോട് അജിത് സാഹി ചോദിച്ച ഒരു ചോദ്യവും അതിന്നു കിട്ടിയ ഉത്തരവുമാണ് താഴെ ചേർക്കുന്നത്.

ചോദ്യം: അഹമ്മദാബാദിലെ ഏറ്റുമുട്ടൽ കൃത്രിമമായിരുന്നുവെന്ന് താങ്കൾ പറയുന്നതിന്റെ അടിസ്ഥാനമെന്താണ്?

ഉത്തരം: ഇഷ്റാത്തിനൊപ്പം കൊല്ലപ്പെട്ടവരിൽ രണ്ടുപേരായ അംജത്തും സീഷാനും പാക്കിസ്താനികളാണെന്നും അവർ കാശ്മീർ വഴി നുഴഞ്ഞു കയറിയവരാണെന്നും ഗവർമ്മേണ്ട് അവകാശപ്പെടുന്നു. കാശ്മീരിൽനിന്ന് ഡൽഹിക്കും അവിടെനിന്ന് പൂനയിലേക്കും ഇവർ പോയി എന്നാണ് പറയുന്നത്. പൂനയിൽവെച്ച് ജവേദ് ഈ സംഘത്തിൽ ചേർന്നതായി പറയുന്നു. അവിടെനിന്ന് മൂന്നുപേരുംകൂടി മുംബായിക്ക് പോയെന്നും അവിടെ വച്ച് ഇഷ്റാത്തും സംഘത്തിൽ ചേർന്നുവെന്നുമാണ് പറയുന്നത്.

ഗുജറാത്ത്-മഹാരാഷ്ട്ര അതിർത്തിയിലെത്തണമെങ്കിൽ അഹമ്മദാബാദിൽനിന്ന് 300 കിലോമീറ്റർ സഞ്ചരിക്കണം. ഇതിന്നിടയിൽ പല ജില്ലകളുമുണ്ട്. ഈ ജില്ലകളിലേയോ ഈ സംസ്ഥാനങ്ങളിലേയോ അഹമ്മദാബാദിലെതന്നേയോ പോലീസുകാർക്കാർക്കും ഒരു മുന്നറിയിപ്പ് കിട്ടാതിരുന്നതെന്തുകൊണ്ടാണ്. ഇവർ നാലുപേരും കാറിലാണ് സഞ്ചരിക്കുന്നതെന്നോർക്കണം. ഈ സംസ്ഥാനങ്ങളിലേയും ജില്ലകളിലേയും പോലീസുകാരിൽ ആർക്കും ഒരു മുന്നറിയിപ്പുപോലും കിട്ടാത്തപ്പോൾ അഹമ്മദാബാദിലെ ക്രൈം ബ്രാഞ്ചിന്നുമാത്രം മുന്നറിയിപ്പുകിട്ടിയതെങ്ങനെയാണ്? എന്തുകൊണ്ട്? ഭീകരന്മാർ സഞ്ചരിക്കുന്ന കാർ അഹമ്മദാബാദിൽ എത്തിയശേഷം മാത്രം അവരെ നേരിട്ടതെന്തുകൊണ്ടാണ്?

ഈ സംഘട്ടനത്തിന്ന് 15 ദിവസം മുമ്പ് ജവേദ് ഭാര്യയേയും കുട്ടികളേയും കൂട്ടി ഇതേ കാറിൽ കേരളത്തിലേക്കു പോയിരുന്നു. അവിടെ അവർ അഛന്റേയും സഹോദരന്റേയും കുടുംബാംഗങ്ങളോടൊപ്പം രണ്ടാഴ്ച സുഖവാസം നടത്തിയിരുന്നു. ഒരു മുഖ്യമന്ത്രിയെ കൊല്ലാൻ ഇറങ്ങി പുറപ്പെട്ട ഒരു ഭീകരൻ അങ്ങനെയാണോ പെരുമാറുക? ❑

ഗിച്ച അന്വേഷണ സംഘം ഒരു മാസം കഴിഞ്ഞിട്ടും പ്രവർത്തനമാരംഭിച്ചിട്ടില്ല; കാരണം ഇങ്ങനെ ഒരന്വേഷണ സംഘത്തെ നിയമിച്ചുകൊണ്ട് ഗുജറാത്ത് ഗവർമ്മേണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല)

ഇനി വിജ്ഞാപനം പുറപ്പെടുവിച്ചാലും പുലിവാലാണ്. ഈ അന്വേഷണ സംഘത്തിൽ ഒരാളെങ്കിലും ചീത്തപ്പേരുള്ള ആളാണ്. (2002 ൽ ഗോധ്രയിൽ തീവണ്ടിക്ക് തീ വച്ചത് മുസ്ലീം ഗൂഢാലോചന പ്രകാരമാണെന്ന് റിപ്പോർട്ട് എഴുതിക്കൊടുത്ത ഒരു പോലീസ് മേധാവി ഈ സംഘത്തിലുണ്ട്.) ❑



# ബാലഗോപാൽ അന്തരിച്ചു

**ആ**ന്ധ്രയിലെ പ്രസിദ്ധ പൗരാവകാശ പ്രവർത്തകനായ കെ. ബാലഗോപാൽ (52) ഹൃദ്രോഗം മൂലം ഒക്ടോബർ 8-ാം തിയ്യതി നിര്യാതനായി. മികച്ചൊരു ഗണിത ശാസ്ത്രജ്ഞൻ കൂടിയായിരുന്ന ബാലഗോപാൽ കാകതീയ സർവ്വകലാശാലയിൽ പ്രൊഫസറായിരുന്നു. പിന്നീടത് ഉപേക്ഷിച്ച് അദ്ദേഹം അഭിഭാഷകനായി.

ആന്ധ്ര പൗരസ്വാതന്ത്ര്യ കമ്മിറ്റിയിലെ അംഗമായിരുന്ന അദ്ദേഹം ആന്ധ്രയിലെ പീപ്പിൾസ് വാർ ഗ്രൂപ്പി



കെ. ബാലഗോപാൽ

നോടുള്ള സമീപനത്തെ ചൊല്ലിയുള്ള തർക്കം മൂലം പൗരസ്വാതന്ത്ര്യ കമ്മിറ്റി വിടുകയും ഒരു മനുഷ്യാവകാശ ഫോറം രൂപീകരിക്കുകയും ചെയ്തു. മാവോയിസ്റ്റുകളുടെ അക്രമങ്ങളെ ബാലഗോപാൽ നിരന്തരം എതിർത്തു പോന്നു. ഇത് നക്ഷലുകളുടെ ശത്രുതക്കിടയാക്കി. ബംഗാളിലെ ലാൽഗഡിൽവന്ന് അവിടത്തെ സ്ഥിതിഗതികൾ നേരിട്ടു കണ്ടറിയാൻ മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റി അംഗമായ കോടേശ്വര റാവു ബാലഗോപാലനെ വെല്ലുവിളിച്ചത് രണ്ടാഴ്ച മുമ്പാണ്.

ആന്ധ്രയിലെ എണ്ണമറ്റ സംഘട്ടന മരണങ്ങളിൽ നക്ഷലുകൾക്കുവേണ്ടി വാദിച്ചിരുന്നത് ബാലഗോപാലാണ്. 1980 കളിൽ പീപ്പിൾസ് വാർഗ്രൂപ്പിൽ പെട്ടവർ ഒട്ടേറെ പേരെ തട്ടികൊണ്ടുപോകാറുണ്ട്. ഇതിനെ നേരിടാൻ പ്രജാബന്ധു എന്ന പേരിൽ ഒരു ജനകീയ സംഘടന രൂപീകരിച്ചിരുന്നു. ആന്ധ്രാ പോലീസ് തല്ലിപടച്ചുണ്ടാക്കിയതാണ് ഈ പ്രജാബന്ധുവെന്നാണ് പൊതുവെ കരുതപ്പെടുന്നത്. ഒറീസയിൽ പിന്നീട് രൂപംകൊണ്ട സാൽവ ജൂഡും ഈ മാതൃകയെ പിൻതുടർന്നുള്ളതായിരുന്നു.

ഒരിക്കൽ നക്ഷലുകൾ രണ്ടു പോലീസുകാരെ തട്ടിക്കൊണ്ടു പോയി. അവരെ മോചിപ്പിക്കാൻ ആന്ധ്രാ പോലീസിന്ന് പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും സാധിച്ചില്ല. ഒടുവിൽ പ്രജാബന്ധുക്കൾ ബാലഗോപാലനെ തട്ടിക്കൊണ്ടുപോയി. നക്ഷലുകൾ റാഞ്ചിക്കൊണ്ടു പോയ പോലീസുകാരെ മോചിപ്പിച്ചാലേ ബാലഗോപാലിനെ വിടൂ എന്ന് പ്രജാബന്ധുക്കൾ ശഠിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതെ നക്ഷലുകൾ പോലീസുകാരെ വിട്ടയച്ചു.

സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ ജനാധിപത്യത്തിന്ന് വലിയൊരു ഭീഷണിയാണെന്ന് സമ്മതിക്കുമ്പോഴും ബാലഗോപാൽ പൗര സ്വാതന്ത്ര്യ ലംഘനങ്ങളിലേക്ക് വിരൽ ചൂണ്ടാറുണ്ടായിരുന്നു. കമ്യൂണിസ്റ്റ് തീവ്രവാദികളും ഗവർമ്മേണ്ടും തമ്മിൽ പരസ്പരം അതിക്രമങ്ങൾ കാണിക്കുമ്പോൾ അതിന്നിടയിൽ പെട്ട് നരകിക്കുന്നത് സാധാരണക്കാരാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. ❑

# സ്വാതന്ത്ര്യ ദിനത്തിൽ മഹാത്മജി എവിടെയായിരുന്നു?

**- സി.എ. കൃഷ്ണൻ -**

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തിൽ എവിടെയായിരുന്നു? മിടുക്കന്മാരായ സ്കൂൾ കുട്ടികൾ ഒട്ടും സംശയം കൂടാതെ ഇതിന് ഉത്തരം പറയുക ആ ദിനത്തിൽ മഹാത്മജി നവഖാലിയിലായിരുന്നു എന്നായിരിക്കും. അതിനൊരു കാരണമുണ്ട്. എട്ടാം സ്റ്റാൻഡേർഡിലെ സാമൂഹ്യ പാഠം അവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് അങ്ങനെയാണ്.

ഒരു തെറ്റ് ആവർത്തിച്ചാൽ അത് സത്യമാകുമോ? അങ്ങനെയെങ്കിൽ ഈ തെറ്റ് കുട്ടികളെക്കൊണ്ട് പഠിപ്പിക്കുന്ന കേരള സർക്കാൽ വിദ്യാഭ്യാസ വകുപ്പിന് സ്തുതി. ചരിത്രം തെറ്റി പഠിപ്പിക്കുന്ന ചരിത്രപാഠപുസ്തകത്തിനും!

ഈയടുത്ത ദിവസമാണ് എട്ടാം സ്റ്റാൻഡേർഡിലെ ഇക്കൊല്ലവും മാറിയ ചരിത്രപാഠപുസ്തകം പുറത്തുവന്നത്. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി എന്ന എസ്.സി.ഇ.ആർ.ടിയിൽ വർഷങ്ങൾ നീണ്ട പ്രക്രിയയുടെ ഭാഗമായി നിരവധി ദേശീയ വിദഗ്ധരും അക്കാദമിക് കോഓർഡിനേറ്റർമാരും ചിത്രകാരന്മാരും ചേർന്ന് വികസിപ്പിച്ചെടുക്കുന്നതാണ് ഒരു പാഠപുസ്തകം. ഈ പുസ്തകത്തിലെ ആറാം അധ്യായത്തിലാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെക്കുറിച്ചുള്ള പാഠഭാഗം. അതിലാണ് ഗാന്ധിജി നവഖാലിയിലായിരുന്നു എന്ന ചരിത്രരേഖ.

"സ്വാതന്ത്ര്യദിനത്തിൽ മഹാത്മജി ബംഗാളിലെ നവഖാലിയിൽ വർഗ്ഗീയ ലഹളയ്ക്കിരയായവരെ സാന്ത്വനിപ്പിക്കുകയായിരുന്നു. ഇന്ത്യയിലെ ജനങ്ങൾക്ക് സത്യത്തിന്റേയും അഹിംസയുടേയും സ്നേഹത്തിന്റേയും ധൈര്യത്തിന്റേയും സന്ദേശം നൽകിയ മഹാത്മജി 1948 ജനുവരി 30ന് നാഥുറാം വിനായക ഗോഡ്സെയുടെ തോക്കിനിരയായി." (പേജ് 91)

സ്വാതന്ത്ര്യദിനത്തിൽ മഹാത്മജി ബംഗാളിലെ കൊൽക്കത്തയിൽ വർഗീയ ലഹളക്കിരയായവരെ സാന്ത്വനിപ്പിക്കുകയായിരുന്നു എന്നതാണ് യഥാർത്ഥ ചരിത്രം. സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ ദിവസം കൊൽക്കത്ത ഇന്ത്യയിലും നവഖാലി കിഴക്കൻ പാകിസ്താനിലും ആയി വേർതിരിഞ്ഞു കഴിഞ്ഞിരുന്നു എന്നതാണ് മറ്റൊരു വസ്തുത.

ഇതിനുമുമ്പ് ഇതേ ക്ലാസിൽ പഠിപ്പിച്ചിരുന്ന സാമൂഹ്യപാഠപുസ്തകത്തിലും സ്വാതന്ത്ര്യദിനത്തിൽ മഹാത്മജി ബംഗാളിലെ നവഖാലിയിൽ വർഗീയ ലഹളക്കിരയായവരെ സാന്ത്വനിപ്പിക്കുകയായിരുന്നു എന്നുതന്നെയാണ് പഠിപ്പിച്ചുകൊണ്ടിരുന്നത് (2006 മുതൽ 2008 വരെ)

മൂന്നുകൊല്ലം കുട്ടികളെ തെറ്റു പഠിപ്പിച്ചിട്ടും ആരുടേയും വികാരങ്ങൾ ഇവിടെ വ്രണപ്പെട്ടതായി കേട്ടിട്ടില്ല. അതേസമയം കേരളത്തിലെ പ്രബുദ്ധ ജനത കുണ്ഠിതപ്പെട്ടത് മറ്റെന്തെല്ലാമോ അപമാനഭാരങ്ങളുമായിട്ടായിരുന്നു. ഏഴാം ക്ലാസിലെ സാമൂഹ്യപാഠമാണ് അന്ന് വിവാദങ്ങളൊക്കെയും അഴിച്ചുവിട്ടത്. മതമില്ലാത്ത ജീവനിലൂടെയും ജീവന്റെ മതത്തിലൂടെയും കേരളമാകെ അന്ന് രണ്ടുപക്ഷത്ത് നിലകൊണ്ടു. ചിലർ പുസ്തകം കത്തിച്ചു. ചിലർ പുസ്തകം തിരുത്തി. ചിലർ ബദൽ പുസ്തകം രചിച്ചു. ചിലർ മറ്റൊരു വിമോചനസമരത്തിന് കാത്തിരുന്നു. അന്നും ഗാന്ധിജിയെ ചരിത്രം അപമാനിച്ചതറിയാതെയും അത് കാര്യമാക്കാതേയുമായിരുന്നു കേരളം വ്യാകുലപ്പെട്ടത്.

അന്നും ചില പത്രങ്ങളിൽ പലതവണ പ്രത്യക്ഷപ്പെട്ടതാണീ ചരിത്രാബദ്ധം. ഗാന്ധിയൻ സംഘടനകളും അധ്യാപക സംഘടനകളും ഈ വിഷയം കത്തുകളായും പ്രമേയമായും മറ്റും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതായും പറഞ്ഞുകേട്ടിരുന്നു. പക്ഷെ ഇപ്പോഴും ഇതേ പുസ്തകത്തിൽ ആവർത്തിച്ച തെറ്റിലൂടെ ഒന്നു ബോധ്യമായിരിക്കുന്നു. തെറ്റുകൾക്കു നേരെയല്ല, കോലാഹലങ്ങൾക്കു നേരെയാണ് ഉത്തരവാദപ്പെട്ട അധികൃതരിൽ പലരും കാതു തുറന്നു വച്ചിട്ടുള്ളത്. അവരെ സംബന്ധിച്ച് ഗാന്ധി സ്വാതന്ത്ര്യദിനത്തിൽ കൊൽക്കത്തയിലായാലും നവഖാലിയിലായാലും ശല്യപ്പെടുത്താതിരുന്നാൽ മാത്രം മതിയായിരിക്കും!

ഇനി യഥാർത്ഥ ചരിത്രം കൂടിയൊന്നു ചികഞ്ഞു നോക്കാം. (അവലംബം: Mahatma Gandhi The Last Phase part II page 370) സ്വാതന്ത്ര്യം കിട്ടിയ അന്ന് രാത്രിയിൽ ഗാന്ധിജി കൊൽക്കത്തയിലെ ഹൈദരി മൻസിൽ എന്ന ഒരു മസ്ലീം ഭവനത്തിലായിരുന്നു. വിഭജനത്തിൽ നവഖാലി കിഴക്കൻ ബംഗാളിലും കൊൽക്കത്ത ഇന്ത്യയിലുമായി മാറിയിരുന്നു. അതിനും ഒരു വർഷം മുമ്പ് 1946 ൽ കലാപവേളയിലാണ് ഗാന്ധിജി നവഖാലിയിൽ അവസാനമായി പര്യടനം നടത്തിയത്.

സ്വാതന്ത്ര്യം ലഭിച്ച ദിനത്തിൽ അദ്ദേഹം വെളുപ്പിന് രണ്ടുമണിക്കേ ഉണർന്നു. പതിവിലും ഒരു മണിക്കൂർ നേരത്തെ. അന്ന് മാഹാദേവ് ദേശായിയുടെ അഞ്ചാം ചരമവാർഷികമായിരുന്നു. ആ സ്മരണക്കുമുന്നിൽ ഉപവാസത്തോടെയും ഗീതാപാരായണത്തോടെയുമായിരുന്നു ഗാന്ധിജി ആ ദിനം മുഴുവൻ കഴിച്ചുകൂട്ടിയത്.

അതിരാവിലെതന്നെ കുട്ടികൾ രവീന്ദ്രനാഥ ടാഗോറിന്റെ സ്വാതന്ത്ര്യ ഗീതങ്ങൾ ആലപിച്ചുകൊണ്ട് വന്നെത്തിക്കൊണ്ടിരുന്നു. അവർ ഗാനാലാപനം നിർത്തിവയ്ക്കുകയും ഗാന്ധിജിയോടൊത്ത് പ്രാർത്ഥനകളിൽ പങ്കുചേരുകയും ദർശനം നടത്തി തിരിച്ചുപോവുകയും ചെയ്തു.

വീടിനുമുന്നിൽ ദർശനത്തിനായി പിന്നേയും ധാരാളം ജനങ്ങൾ വന്നുകൊണ്ടിരുന്നു. ഓരോ അരമണിക്കൂറും ഇടവിട്ട് ഗാന്ധിജി അവർക്കെല്ലാം ദർശനം നൽകിക്കൊണ്ടേയിരുന്നു. ദർശനത്തിനു വന്നവരുടെ കൂട്ടത്തിൽ പശ്ചിമബംഗാൾ കാബിനറ്റ് അംഗങ്ങളും ഉണ്ടായിരുന്നു. ഗാന്ധിജി അവരോടായി ഇങ്ങനെ പറഞ്ഞു. "ഇന്നു മുതൽ നിങ്ങളും അധികാരത്തിന്റെ കിരീടധാരികളായിരിക്കുന്നു. സത്യവും അഹിംസയും മുറുകെപ്പിടിക്കുക. വിനീതരാകുക. കൂടുതൽ സഹിഷ്ണുത പാലിക്കുക. ബ്രിട്ടീഷ് ഭരണം നിങ്ങളെ കൂടുതൽ കഠിനഹൃദയരാക്കിയിട്ടുണ്ടാവാം. എന്നാലും ഒരിക്കലും നിയന്ത്രണംവിട്ടു പെരുമാറാതിരിക്കുക. അധികാരത്തെക്കുറിച്ച് ജാഗ്രത പുലർത്തണം. അധികാരം അഴിമതിയുടെ വാതിൽ തുറക്കുമെന്നോർക്കുക. അധികാര ലഹരിയിൽ ഒരിക്കലും മുങ്ങിപ്പോകരുത്."

കൊൽക്കത്തയിലുടനീളം അന്ന് ഹിന്ദു -മുസ്ലീം ഐക്യപ്രകടനം അരങ്ങേറുകയായിരുന്നു. "ഹിന്ദു-മുസ്ലീം ഏക് ഹോ", "ഹിന്ദു-മുസ്ലീം ഭായി ഭായി" എന്ന് ഉറക്കെ വിളിച്ചു പറയുന്ന ഘോഷയാത്രകൾ എങ്ങും കാണാമായിരുന്നു. അന്ന് സായാഹ്നത്തിൽ വമ്പിച്ചൊരു പ്രാർത്ഥനാറാലിയെ മഹാത്മജി അഭിസംബോധന ചെയ്തു. രാത്രി മഹാത്മജി നഗരത്തിലൂടെ കാറിൽ യാത്രചെയ്യുകയും ചെയ്തു. ഉപവാസം മുടക്കാതേയും കൂടുതൽ സമയം നൂൽനൂറ്റുമാണ് രാഷ്ട്രപിതാവ് ആ ദിനം പിന്നിട്ടത്.

ഇതിൽ പറയുന്ന പരാമർശങ്ങളാണ് ചരിത്രസത്യം. എട്ടാംക്ലാസിലെ കുട്ടികളെ പഠിപ്പിക്കുന്ന, ഇപ്പോഴും പഠിപ്പിക്കാൻ നിർദ്ദേശിക്കുന്ന സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലെ ചരിത്രവിഡ്ഢിത്തം മാപ്പർഹിക്കുന്നില്ല.

(പൂർണ്ണോദയ) ❏

# ചീനയിലെ വിപ്ലവകാരി

ഇക്കൊല്ലം സമാധാനത്തിന്നുള്ള നോബൽ സമ്മാനം അമേരിക്കൻ പ്രസിഡണ്ട് ഒബാമക്ക് നൽകിയപ്പോൾ എന്തിനാണത് നൽകിയതെന്ന ചോദ്യം ഉയർന്നു വരുന്നു. അമേരിക്കൻ പ്രസിഡണ്ടായ



ഹൂജിയ

തിന്നു മുമ്പും പിമ്പും ഒബാമ പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷെ നോബൽ സമ്മാനം ലഭിക്കാവുന്നത്ര വലിയ ഒരു കാര്യവും അദ്ദേഹം ഇതുവരെ ചെയ്തിട്ടില്ല.

അപ്പുറത്ത് നോബൽ സമ്മാനത്തിന്നർഹനായ ഒരാൾ ജയിലിന്റെ അഴിയെണ്ണി സമയം കഴിക്കുന്നു. സ്വദേശമായ ചീനയിൽ പോലും അധികമാരും അറിയാത്ത മനുഷ്യാവകാശ പ്രവർത്തകനായ ഹൂജിയയാണത്. ചീനയുടെ മനുഷ്യാവകാശ നയങ്ങളെ വിമർശിച്ചുകൊണ്ട് ഒരു ലേഖന പരമ്പര പ്രസിദ്ധീകരിച്ചതിന്ന് ഹൂജിയ കഴിഞ്ഞ മാർച്ചിൽ മൂന്നരകൊല്ലത്തെ തടവിന്നു ശിക്ഷിക്കപ്പെട്ടു. ചീനക്കു പുറത്തെന്നല്ല. ചീനയിൽ പോലും അധികമൊന്നും അറിയപ്പെടാത്ത ആളാണ് ഹൂജിയ. ജനങ്ങൾക്ക് കൂടുതൽ രാഷ്ട്രീയ സ്വാതന്ത്ര്യമനുവദിക്കണമെന്നാവശ്യപ്പെടുന്ന ചെറിയൊരു സംഘം ബുദ്ധിജീവികളിൽ പെട്ട ആളാണ് ഇദ്ദേഹം.

ചിന്താ സ്വാതന്ത്ര്യത്തിന്നായി പ്രവർത്തിക്കുന്നവർക്ക് യൂറോപ്യൻ പാർലിമെന്റ് നൽകുന്ന "സഖറോവ് സമ്മാനം" കഴിഞ്ഞ ഡിസംബറിൽ ഹൂജിയാക്ക് നൽകപ്പെട്ടിരുന്നു. ചീനാ ഗവർമ്മേണ്ട് അന്ന് അതിൽ കടുത്ത ക്ഷോഭവും പ്രകടിപ്പിച്ചിരുന്നു. ചീനയുടെ ആഭ്യന്തര കാര്യങ്ങളിൽ യൂറോപ്യൻ പാർലിമെന്റ് ഇടപെടുന്നുവെന്നതായിരുന്നു ചീനയുടെ പരാതി. സമാധാനത്തിന്നുള്ള ഇക്കൊല്ലത്തെ നോബൽ സമ്മാനത്തിന്ന് ഹൂജിയ തിരഞ്ഞെടുക്കപ്പെടുമെന്നായിരുന്നു മനുഷ്യാവകാശ പ്രവർത്തകരുടെ പ്രതീക്ഷ.

ചീന കമ്യൂണിസ്റ്റ് പാർട്ടിയുടെ മനുഷ്യാവകാശ ധ്വംസനങ്ങളെ കലവറയില്ലാതെ വിമർശിച്ചിരുന്ന ആളാണ് ഹൂജിയ. തങ്ങളുടെ ഭൂമി നിയമവിരുദ്ധമായി പിടിച്ചെടുത്തതിന്നെതിരായി രണ്ടു ചീനർ നടത്തുന്ന സമാധാനപരമായ സമരങ്ങളുടെ കഥ ഈയിടെ ഇദ്ദേഹം വിവരിക്കുകയുണ്ടായി. കഴിഞ്ഞ കൊല്ലം ചീനയിൽ നടത്തിയ ഒളിമ്പിക്സിന്ന് തൊട്ടുമുമ്പായിരുന്നു ചീനയുടെ മനുഷ്യാവകാശ ധ്വംസനം സംബന്ധിച്ച ഹൂജിയയുടെ ലേഖന പരമ്പര. ലോകത്തിന്നു മുന്നിൽ നല്ലൊരു മുഖം കാഴ്ചവയ്ക്കുന്ന വേളയിൽ പുറത്തുവന്ന ഈ ലേഖന പരമ്പര അധികൃതരെ വല്ലാതെ ക്ഷോഭിപ്പിച്ചു. അങ്ങനെയാണ് അദ്ദേഹത്തിന്നു മൂന്നരകൊല്ലത്തെ തടവു ശിക്ഷ വിധിച്ചത്.

ഹൂജിയാ ആദ്യം പരിസ്ഥിതി സംരക്ഷണ പ്രവർത്തകനായിരുന്നു. നൂറുകണക്കിന്ന് വിദ്യാർത്ഥികളുടെ മരണത്തിന്നിടയാക്കിയ ടിയാനൻമെൻ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും അദ്ദഹം ആവശ്യപ്പെട്ടിരുന്നു. ടിയാനൻമെൻ സംഭവത്തെക്കുറിച്ച് മിണ്ടുന്നതുപോലും ചീനയിൽ ഇന്നും കുറ്റകരമാണ്. ❑



# പിടികിട്ടാപുള്ളിയെ പിടിക്കാൻ ഏതു വേഷവും കെട്ടാമോ?

**- സേവന്തി നൈനാൻ -**

ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും പത്രക്കാർ പല വേഷവും കെട്ടാറുണ്ട്. തെഹൽക ലേഖകന്മാർ അഴിമതിക്കാരെ കുടിക്കിയത് ആയുധ കച്ചവടക്കാരുടെ വേഷം കെട്ടിയാണ്. ആസ്ത്രേലിയൻ ജർണലിസ്റ്റുകൾ യാചകരുടെ വേഷം കെട്ടി; അറബി ന്യൂസിന്റെ ലേഖകന്മാർ പോലീസിന്റെ വേഷം കെട്ടി. അങ്ങനെ ഒരുപാട് വേഷംകെട്ടൽ നാം കണ്ടിട്ടുണ്ട്. ഇതെല്ലാം വിവരം ശേഖരിക്കാനുള്ളതായിരുന്നു. പിടികിട്ടാപുള്ളികളെ കണ്ടെത്താൻ പത്രക്കാരുടെ വേഷം കെട്ടുന്നത് സൈദ്ധാന്തികമായി പറഞ്ഞാൽ തെറ്റല്ല. അപ്പോൾ മറ്റുള്ളവർ കാര്യസാധ്യത്തിന്നായി പത്രക്കാരുടെ വേഷം കെട്ടുന്നതിലെന്താണ് തെറ്റ്?

എന്നാൽ ബംഗാളിൽ ഈയിടെയുണ്ടായത് അത്യപൂർവ്വമായതാണ്. ഒരു പക്ഷെ ഇന്ത്യയിൽ ഇങ്ങനെ സംഭവിക്കുന്നത് ഇതാദ്യമായിരിക്കണം. സെപ്തംബർ 27-ാം തിയ്യതി രാവിലത്തെ പത്രത്തിൽ ഇങ്ങനെയൊന്ന് വായിക്കുന്നത് ഒരു പത്രക്കാരനാണെങ്കിൽ, അയാൾ ഞെട്ടി തെറിച്ചിരിക്കണം. ബംഗാൾ പോലീസുകാർ സെപ്തംബർ 26ന്ന് ഛത്രധർ മഹതോവിനെ അറസ്റ്റ് ചെയ്യുന്നത് ജർണലിസ്റ്റുകളുടെ വേഷത്തിലായിരുന്നു. പോലീസിന്റെ അതിക്രമങ്ങൾക്കെതിരായ ഒരു ജനകീയ കമ്മിറ്റിയുടെ നേതാവാണെന്നതു മാത്രമാണ് മഹതോവിന്റെ കുറ്റം.

സിങ്കപ്പൂരിൽനിന്നുള്ള പത്രക്കാരുടെ വേഷം കെട്ടിയാണ് പോലീസ് തദ്ദേശീയ പോലീസിന്റെ സഹായം സംഘടിപ്പിച്ചത്. പത്രക്കാരും പോലീസുകാരും മാവോയിസ്റ്റുകളെ തേടി നടക്കാറുണ്ട്. പക്ഷെ രണ്ടുകൂട്ടരുടേയും ഉദ്ദേശങ്ങൾ രണ്ടാണ്. മഹതോ ഒരു പിടികിട്ടാപുള്ളിയാണെന്നും അതിനാൽ തങ്ങളുടെ വേഷംമാറൽ പൊതുതാല്പര്യത്തെ മുൻനിർത്തിയുള്ളതാണെന്നും പോലീസിന്ന് ന്യായം പറയാം. പക്ഷെ ഒരുതരത്തിലും ഇതിനെ ന്യായീകരിക്കാനാവില്ല. ഒഴിവിൽ കഴിയുന്ന ഒരാളെ പിടിക്കാൻ ആരെങ്കിലും ഡോക്ടറുടെ വേഷം കെട്ടുമോ? ഇത്തരം കാര്യങ്ങൾക്ക് ധാർമ്മികമായ ചില പരിധികളില്ലേ?

കൃത്യം ഒരാഴ്ചമുമ്പ് പ്രധാന പത്രങ്ങളിലെല്ലാം സർക്കാരിന്റെ ഫുൾപേജ് പരസ്യം വന്നിരുന്നു. അതിൽ നക്ഷലുകളെയെല്ലാം കൊലപാതകികളായി ചിത്രീകരിച്ചിരുന്നു. മന്ത്രി ചിദംബരവും അനുയായികളും നക്ഷലുകളെ നേരിടാൻ പത്രങ്ങളെ കരുവാക്കുന്നു എന്നാണതിന്നർത്ഥം. പ്രതിയോഗികളെ നേരിടാൻ "മാധ്യമങ്ങളെ കരുവാക്കുക"എന്നു പറയുന്നത് ഇതാണ്. പക്ഷെ ഛത്രധർ മഹതോവിനെ പിടിക്കാൻ പത്രക്കാരെ കരുവാക്കിയതോടെ "മാധ്യമങ്ങളെ ഉപയോഗിക്കുക"എന്നതിന് പുതിയൊരർത്ഥം കൈവന്നിരിക്കുന്നു.

പോലീസുകാർ പത്രക്കാരുടെ വേഷം കെട്ടുന്നത് ഇന്ത്യക്കുപു

# ഇനി ഇത് ഒതുക്കാൻ എത്ര കോടി വേണ്ടിവരും?

ബോഫോഴ്സ് കുംഭകോണം പുറത്തുകൊണ്ടുവന്നത് സ്വീഡിഷ് റേഡിയോ ആണ്. സ്വീഡിഷ് റേഡിയോ ചൂണ്ടിക്കാണിച്ച അഴിമതിയുടെ പിന്നാലെ ഇന്ത്യക്കാർ ഒരുപാട് ഓടിനടന്നു. ചില പത്രക്കാർ അതിന്റെ ഉള്ളുകള്ളികളെല്ലാം പുറത്തുകൊണ്ടുവന്നപ്പോൾ വേറെ ചിലർ അത് പൂഴ്ത്താവുന്നിടത്തോളം പൂഴ്ത്തി. ഇറ്റലിക്കാരനും ബോഫോഴ്സിനുവേണ്ടി ഏജൻസിപണി നടത്തിയവനുമായ ക്വട്റോച്ചിക്കെതിരായ ഒരു കഷ്ണം കേസ് മാത്രമേ അതിലിനി ബാക്കിയുള്ളൂ. ഇപ്പോഴത്തെ സ്ഥിതിവച്ചു പറഞ്ഞാൽ ഒരു മാസത്തിന്നകം ആ കേസും ഗവർമ്മേണ്ട് പിൻവലിക്കും. വെറും 40 കോടി രൂപയുടെ ഒരു അഴിമതി കേസ് പൂഴ്ത്താൻവേണ്ടി ഇന്ത്യാ ഗവർമ്മേണ്ടിന്നു 500 കോടി രൂപയോളം ചെലവായെന്നാണ് റിപ്പോർട്ട്.

ബോഫോഴ്സ് കേസിൽ അങ്ങനെ പടുതിരികത്തുമ്പോഴാണ് അമേരിക്കയിൽനിന്ന് മറ്റൊരു കുംഭകോണം പുറത്തുവന്നിരിക്കുന്നത്. ഇന്ത്യയിലെ ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാരുൾപ്പെടെ ഒട്ടേറെ ഇന്ത്യക്കാർക്ക് അമേരിക്കൻ കമ്പനികൾ കൈക്കോഴ നൽകിയിട്ടുണ്ടെന്ന് അമേരിക്കൻ ഗവർമ്മേണ്ട് പറയുന്നു. അമേരിക്കൻ അഴിമതി വിരുദ്ധ നിയമപ്രകാരം അമേ ➡ രിക്കൻ കമ്പനികൾ വിദേശങ്ങളിൽ നടത്തുന്ന അഴിമതിയുടെ വിവരം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

ഇന്ത്യയിൽനിന്ന് ഓർഡർ ലഭിക്കാൻ തങ്ങൾ കൈക്കോഴ നൽകിയതായി പല അമേരിക്കൻ കമ്പനികളും സമ്മതിച്ചിട്ടുണ്ട്. ഇന്ത്യൻ നാവികസേന, മഹാരാഷ്ട്ര ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർ, റെയിൽവേ, കേന്ദ്ര കീടനാശിനി ബോർഡ്, ഒരു "ഗവർമ്മേണ്ട് ഉദ്യോഗസ്ഥൻ" എന്നിവരെല്ലാം 2000 –2006 കാലഘട്ടത്തിൽ കൈക്കോഴ വാങ്ങിയിട്ടുണ്ട്. ബി.ജെ.പി. ക്കാരുടെ ഭരണകാലവും കോൺഗ്രസ്സിന്റെ ഭരണകാലവും ഇതിൽ പെടും.

2009 മേയ് 11ന്നാണ് അമേരിക്കൻ ഗവർമ്മേണ്ട് ഈ വിവരങ്ങൾ പുറത്തുവിട്ടത്. മേയ് 12ന്നുതന്നെ വാഷിങ്ടണിലെ ഇന്ത്യൻ അമ്പാസിഡറായ മീര ശങ്കർ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായ ടി.കെ.എ. നായർക്ക് വിവരങ്ങൾ നൽകി. ആരെല്ലാം എത്രയെല്ലാം കൈക്കോഴ വാങ്ങി എന്നും മറ്റും അതിൽ വിശദീകരിച്ചിട്ടുണ്ട്.

ഗവർമ്മേണ്ട് അതിന്മേൽ നടപടിയൊന്നും എടുത്തിരുന്നില്ല. എന്നാൽ ബി.ജെ.പി. വക്താവായ പ്രകാശ് ജവദേകർ ഒക്ടോബറിൽ ഇന്ത്യൻ അമ്പാസിഡർ മീരയുടെ രണ്ടുപേജ് വരുന്ന കത്ത് പത്രക്കാർക്ക് നൽകി. ഡോവ് കെമിക്കൽ എന്ന കമ്പനിയടക്കം പല കമ്പനികളും കുറ്റം സമ്മതിച്ചിട്ടുണ്ടെന്നും നിയമലംഘനത്തിന്ന് പിഴ കെട്ടാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നും മീരയുടെ കത്തിൽ പറയുന്നു.

ഈ കൈക്കോഴകളിൽവച്ച് ഏറ്റവും നടുക്കിക്കളയുന്നത് നാവികസേന ഉദ്യോഗസ്ഥന്മാർ വാങ്ങിയ കൈക്കോഴയാണ്. യോർക്കിന്റെ ഏജൻന്റുമാർ 2000 മുതൽ ഏഴുകൊല്ലം ആയിരം ഡോളർ വീതം നൽകിയതായി കാണുന്നുണ്ട്. ഇത്തരത്തിൽ ആകെ 1,32,500 ഡോളറാണ് നൽകിക്കാണുന്നത്. റഫ്രിജറേഷൻ ഉപകരണങ്ങൾ നൽകുന്ന കമ്പനി 215 കരാറുകൾക്കായിട്ടാണിത് നൽകിയത്.

മഹാരാഷ്ട്ര എല. ബോർഡിലെ ജീവനക്കാർ "മരിയോ കോവിനോ"വിൽ നിന്നാണ് പണം വാങ്ങിയത്. ഇൻഡസ്ട്രിയൽ വാൽവുകളുടെ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനിയാണിത്. ഇന്ത്യയടക്കം നാലു രാജ്യങ്ങളിലായി ഇവർ പത്തുലക്ഷം ഡോളർ കൈക്കോഴ നൽകിയിട്ടുണ്ട്. ഇവരും കുറ്റസമ്മതം നടത്തി.

ഇന്ത്യൻ റയിൽവേയിലെ ജീവനക്കാർ 2000ന്നും 2005ന്നും ഇടക്ക് 1,37,400 ഡോളർ കൈപ്പറ്റി. ഇതിലധികവും ബി.ജെ.പി. ഭരണകാലത്തായിരുന്നു. എയർ ബ്രേക്ക് സപ്ലൈ ചെയ്യുന്നതു സംബന്ധിച്ച ഇടപാടിലാണിത്.

ഡോവ് കെമിക്കൽസ് കേന്ദ്ര കീടനാശിനി ബോർഡിലെ ഒരു ഉദ്യോഗസ്ഥന് 39,000 ഡോളറും 19,000 ഡോളർ ഗവർമ്മേണ്ട് ബിസിനസ് ഉദ്യോഗസ്ഥന്മാർക്കും 3,700 ഡോളർ എക്സൈസ് ഉദ്യോഗസ്ഥന്മാർക്കും 1,500 ഡോളർ കസ്റ്റംസുകാർക്കും നൽകി.

ഒരു അമേരിക്കൻ എണ്ണ കമ്പനി കസ്റ്റംസ് സംബന്ധിച്ച തർക്കം പരിഹരിക്കാനായി ഒരു മൂന്നാം കക്ഷിമുഖേന കുറെ പണം ചെലവാക്കിയതായും സമ്മതിച്ചിട്ടുണ്ട്.

മാസം അഞ്ചു കഴിഞ്ഞെങ്കിലും ദൽഹിയിൽ അനക്കമൊന്നുമില്ല. അമേരിക്ക വെളിപ്പെടുത്തിയ കൈക്കോഴകളുടെ വിവരം സംബന്ധിച്ച് ഒരന്വേഷണം നടത്തൻ സി.ബി.ഐ.യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് ഗവർമ്മേണ്ട് ഇപ്പോൾ പറയുന്നത്. ഇതൊന്നും ഒരിടത്തും എത്താൻ പോകുന്നില്ല. പരാതിക്കാരാരുമില്ലാത്തതിനാൽ കേസ് പൂഴ്ത്തുക എളുപ്പമാണ്. ❏

---

റത്തും അസാധാരണമല്ല. കഴിഞ്ഞ ജൂലായിൽ സോമാലിയയിൽ രണ്ട് പട്ടാളക്കാരെ തട്ടിക്കൊണ്ടുപോകുകയുണ്ടായി. പത്രക്കാരുടെ വേഷം കെട്ടി നടന്നിരുന്നവരായിരുന്നു ഈ പട്ടാളക്കാർ. 2007 നവംബറിൽ ഒരു പലസ്തീൻ വിപ്ലവകാരിയെ പിടിക്കാനായി ഇസ്രേലി പോലീസുകാർ ടെലിവിഷൻകാരുടെ വേഷം കെട്ടുകയുണ്ടായി. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ പത്രക്കാരുടെ സംഘടന അതിൽ പ്രതിഷേധിക്കാറുമുണ്ട്.

ഒരു പോലീസുകാരൻ പത്രക്കാരന്റെ വേഷം കെട്ടുന്നത് പത്രക്കാരൻ രാഷ്ട്രീയക്കാരന്റെ വേഷം കെട്ടുന്നതിനേക്കാൾ ഹീനമാകുന്നത് എന്തുകൊണ്ടാണ്? കാരണം, പത്രക്കാരൻ വിവരശേഖരണം നടത്തുകയാണ് ചെയ്യുന്നത്. മറ്റെന്തെങ്കിലും ആവശ്യത്തിനല്ല, ജനങ്ങളെ വിവരം അറിയിക്കാനാണ് പത്രക്കാർ വേഷം കെട്ടുന്നത്. ഇനി ഒരു നക്ഷലിനേയോ ഭീകരനേയോ സന്ധിക്കാൻ പുറപ്പെടുന്നതിന്നുമുമ്പ് താനൊരു യഥാർത്ഥ പത്രക്കാരൻതന്നെയാണെന്ന് അയാൾ ബോധ്യപ്പെടുത്തേണ്ടിവരും.

ബംഗാളിലുണ്ടായത് സ്വീകാര്യമായൊരു തന്ത്രമാണെന്നുവരികിൽ, ലോകത്തിലെല്ലായിടത്തും പത്രക്കാരിൽ അർപ്പിതമാകുന്ന വിശ്വാസം ആവിയായിപോകും. ഇന്ന് പത്രക്കാരനെ ജനങ്ങളും തീവ്രവാദികളും പോലീസുമെല്ലാം വിശ്വസിക്കുന്നു. നാളെ പത്രക്കാരെ ആരും വിശ്വസിക്കാത്ത സ്ഥിതിവരും. പോലീസിന്റെ ഈ നടപടികയിൽ പത്രക്കാർ പ്രതിഷേധിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ മറ്റുള്ളവരും ഈ വഴി സ്വീകരിക്കും.

പക്ഷെ എനിക്കു തോന്നുന്നത്, ഗവർമ്മേണ്ട് ഈ തെറ്റായ വഴിതന്നെ പിൻതുടരുമെന്നാണ്. ❏

Reg. No.3551/93/L Dis    Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21.    Date of posting: 28-10-2009

# മഹതോ കോടീശ്വരനെന്ന് ബംഗാൾ പോലീസ്

**- രക്തിമ ബോസ് -**

ലാൽഗഡിലെ പോലീസ് അതിക്രമ വിരുദ്ധ സമിതിയുടെ കൺവീനറായ ഛത്രധർ മഹതോവിന്റെ അറസ്റ്റ് സംബന്ധിച്ച കോലാഹലത്തിന്നിടയിൽ അദ്ദേഹത്തിന്റെ ഭാര്യക്ക് പറയാനുള്ളത് ആരും ശ്രദ്ധിക്കാതെ പോയി.

ലാൽഗഡിന്നടുത്ത അംലിയ ഗ്രാമത്തിലാണ് മഹതോവിന്റെ വീട്. നിയതി എന്നാണ് അദ്ദേഹത്തിന്റെ ഭാര്യയുടെ പേർ. അവരെ പലതവണ വിളിച്ചിട്ടും അവർ സംസാരിക്കാൻ വിസമ്മതിച്ചു. ഒടുവിൽ ഒട്ടേറെ ഉറപ്പുനൽകിയ ശേഷമാണ് അവർ ഫോൺ എടുത്തത്.

ഛത്രധറിനെ അറസ്റ്റ് ചെയ്തതും ഒരു ഭീകരനോടെന്നപോലെ പെരുമാറിയതും തീർത്തും അന്യായമാണെന്ന് അവർ പറഞ്ഞു. ഛത്രധർ മാവോയിസ്റ്റൊന്നുമല്ല; വെറും ജനനേതാവാണ്.

പ്രൈമറി വിദ്യാഭ്യാസം മാത്രമുള്ള നിയതിക്ക് സ്കൂളിൽ പോകുന്ന രണ്ടു കുട്ടികളുണ്ട്. "സാൽ" ഇലകൾ കൂട്ടിതുന്നി ഭക്ഷണം കഴിക്കാനുള്ള ഇലകൾ ഉണ്ടാക്കി വിൽക്കലാണ് പ്രധാന ജോലി. കുറച്ചു കൃഷിയുമുണ്ട്.

മഹതോവിന്റെ അറസ്റ്റിനെത്തുടർന്ന് ബിസിനസ്സാകെ തകരാറിലായിരിക്കുകയാണെന്ന് നിയതി പറയുന്നു. കൃഷി ഇപ്പോഴും നടക്കുന്നുണ്ട്. പക്ഷെ ഛത്രധറിന്റെ അസാന്നിധ്യത്തിൽ കൃഷി കൊണ്ടുനടക്കുക വിഷമമാണെന്ന് അവർ പറഞ്ഞു.

ഛത്രധറിന്ന് ഒരു കോടി രൂപയുടെ ലൈഫ് ഇൻഷുറൻസുണ്ടെന്നും ബംഗാളിലും ഒറീസയിലുമായി ഒരു പാട് ഭൂസ്വത്തുണ്ടെന്നും പോലീസ് പറയുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ, അതിന്നു തെളിവുതരാൻ പോലീസിനോട് പറയൂ എന്നായിരുന്നു മറുപടി. ഇത്രയേറെ പണവും ഭൂമിയുമുണ്ടായിരുന്നുവെങ്കിൽ, ഞങ്ങൾക്കിങ്ങനെ ദരിദ്രരായി കഴിയേണ്ടി വരുമായിരുന്നുവോ എന്ന് അവർ ചോദിച്ചു.



ഛത്രധർ മഹതോ

അഞ്ചേക്കർ കൃഷി ഭൂമിയും ഒരു വീടും മാത്രമാണ് തങ്ങളുടെ സ്വത്ത് എന്ന് നിയതി പറഞ്ഞു. പോലീസുകാർ മഹതോവിനെ കള്ളക്കേസുകളിൽ കുടുക്കാൻ ശ്രമിക്കുകയാണെന്ന് അവർ കരുതുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം - 50 ക., ആയുഷ്കാലം - 1000 ക.